OASIS
NEWS BULLETIN മരുപ്പച്ച
Older Adults Sharing In Service

STATE BANK OF INDIA PENSIONERS' ASSOCIATION (KERALA) KOTTAYAM DISTRICT CENTRE

Vol. 5 Book 8 Regd. NoER/450/2001 1198 കർക്കടകം 1199 ചിങ്ങം ഓഗസ്റ്റ് 31.08.2023

## പത്രാധിപക്കുറിപ്പ്

# ഓണം ഇങ്ങനെ കൂടി ആയിരുന്നു!



**കെ. രാജീവൻ**

**ഓണമെന്നാൽ മലയാളിക്ക് സന്തോഷത്തിന്റെയും ആഘോഷത്തിന്റെയുമൊക്കെ ദിനങ്ങളാണ്. എന്നാൽ കാലം ചെല്ലുന്തോറും ഓണത്തിന്റെ പ്രൗഢി നഷ്ടമാകുന്നുണ്ടോ?**

വർഷത്തിലൊരിക്കലുള്ള ഓണനാളുകൾ ഇതാ വന്നെത്തിക്കഴിഞ്ഞു. സന്തോഷത്തിന്റെയും ആഘോഷത്തിന്റെയുമൊക്കെ ദിനങ്ങളാണ് ഒരോ ഓണവും നമുക്ക് സമ്മാനിക്കുന്നത്. ഓരോരുത്തർക്കും ഓണത്തേക്കുറിച്ച് പറയാൻ വ്യത്യസ്ത ഓർമ്മകളും അനുഭവകഥകളുമൊക്കെ ഉണ്ടാവും. എങ്കിലും ഒരു കാര്യം ചോദിക്കട്ടെ? ഓണമെന്നത് യഥാർത്ഥത്തിൽ മാവേലിത്തമ്പുരാന്റെ തിരിച്ചുവരവിന്റെ ആഘോഷം മാത്രമാണോ? ഇന്ന് നാം കാണുന്നതും അറിയുന്നതുമായ ഓണാഘോഷങ്ങളുടെ പിന്നാമ്പുറങ്ങളിൽ നമ്മൾ അറിയാത്ത ചരിത്രസത്യങ്ങൾ ഒരുപാടുണ്ട്. ന്യൂജനറേഷൻ കാലത്തെ ഓണകാല കാഴ്ചകളിൽ പെട്ട് മലയാളിയുടെ മനസ്സിൽ നിന്നും മറഞ്ഞുപോയ ചില ഓണകാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയാം



**കളിയരങ്ങുകൾ ഉണരുന്ന കാലം**

## വിളവെടുപ്പിന്റെ ഉത്സവം

കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഓണനാളുകൾ കൊയ്ത്തിന്റെ ഉത്സവം കൂടിയാണ്. ഇരുളിന്റെ മഴക്കാല മേഘങ്ങൾ പെയ്തൊഴിഞ്ഞ് വിളവെടുപ്പിനാൽ കളപ്പുരകൾ നിറയുന്ന സമയം. പണ്ട് കേരളത്തിലെ ഏറ്റവും പ്രധാന കൃഷിയായിരുന്നു നെല്ല് വിള. അതിന്റെ വിളവെടുപ്പ് ദിനങ്ങൾ കർഷകർക്ക് ഉത്സവ ദിനങ്ങളായിരുന്നു. ഇത്തരത്തിൽ വിളവെടുക്കുന്ന ഉത്സവമായിരുന്നു ഓണം. എന്നാൽ ഇന്ന് എല്ലാം മാറി. നാട്ടുമ്പുറത്തെ വയലുകൾ അതിവേഗം അപ്രത്യക്ഷമാകാൻ തുടങ്ങി. ആ പഴയ വരമ്പുകളും കളപ്പുരകളുമൊക്കെ ഇന്ന് അന്യമായി.

SBI PENSIONERS ASSOCIATION KERALA
KOTTAYAM- DISTRICT CENTRE, MARIYA BHAVAN I FLOOR,KUMARANALLOOR .P.O. KOTTAYAM Pin-686 016
Tel: 0481 25 67 373, Mobile : 9446424407, 9446046899, 9446122245
email: sbipakktym@gmail.com



ഇന്നത്തെ കൊയ്ത്തുത്സവം

ഫ്ലാറ്റുകളിലും പടു കൂറ്റൻ കെട്ടിടങ്ങളിലും ഇരുന്ന് ഓണനാളുകൾ ആഘോഷിക്കുമ്പോൾ ഒരു കാലത്ത് അത് മലയാളിക്ക് നൽകിയിരുന്ന നന്മയും ചൈതന്യവുമൊക്കെ എങ്ങോ മറഞ്ഞു പോയിരിക്കുന്ന കാര്യം ആളുകൾ മറക്കുന്നു .

# ചേരമൻ പെരുമാൾ രാജാവിന്റെ ഓർമ്മ



ചരിത്രകാരന്മാരുടെ അഭിപ്രായമനുസരിച്ച് നാട്ടിൽ ഓണം ആഘോഷിക്കുന്നത് ചേരമൻ പെരുമാൾ എന്ന നാട്ടു രാജാവിന്റെ ഓർമ്മയ്ക്ക് കൂടി വേണ്ടിയാണ്. ചേര രാജവംശത്തിലെ അവസാന പെരുമാളായ അദ്ദേഹം രാജഭരണം ഒഴിഞ്ഞ് നിസ്വനായി തീർത്ഥാടനത്തിനിറങ്ങി. ഒരു ഓണനാളിലാണ് അദ്ദേഹം രാജ്യത്തിന്റെ ഭരണം പ്രാദേശിക ഭരണാധികാരികളെ ഏൽപ്പിച്ചു പുറപ്പെടാൻ തീരുമാനിക്കുന്നത്. നല്ലവനായ പെരുമാളിന് ആളുകൾ ഗംഭീരമായ ഒരു യാത്രയയപ്പ് നൽകി. എല്ലാ വർഷത്തെയും ഓണനാൾ അദ്ദേഹത്തെ കൂടി ഓർമ്മപ്പെടുത്തുന്ന ഒരു ദിവസമാണ് എന്ന് ഒരു കാലം വരേയ്ക്കും വിശ്വസിക്കപ്പെട്ടിരുന്നു.

ചേരമാൻ പെരുമാളെപറ്റി കേരളോല്പത്തി പറയുന്നത് അദ്ദേഹം പരദേശങ്ങളിൽ നിന്ന് കേരളീയർ കൊണ്ടുവന്നിരുന്ന താൽക്കാലിക ഭരണാധികരികളുടെ നിരയിൽ അവസാനത്തെ ആൾ എന്നാണു. . ക്രിസ്തുവർഷം ആദ്യ ശതകങ്ങളിലാൺ ഇവർ കേരളചരിത്രത്തിൽ പ്രത്യക്ഷപ്പെടുന്നത്. ഭരണാധികാരികളായി ഓരോ വ്യാഴവട്ടക്കാലത്തേക്ക് നിയുക്തരായവർ പെരുമാക്കന്മാർ എന്ന് അറിയപ്പെട്ടു. ഇവരിൽ ആദ്യത്തെ പെരുമാൾ കേയ ദേശത്തു നിന്നു വന്നതുകൊണ്ട് കേയ പെരുമാൾ എന്നറിയപ്പെട്ടു. ആകെ ഇരുപത്തൊന്നു പെരുമാക്കന്മാർ കേരളം ഭരിച്ചിട്ടുള്ളതായി ഈ കൃതിയിൽ പറയുന്നുണ്ട് . അതിൽ ഒരു വ്യാഴവട്ടക്കാലം ഭരണം തികയ്ക്കാതിരുന്ന വരുമുണ്ട്. കേരളത്തിൽത്തന്നെ വിവിധ പ്രദേശങ്ങൾ കേന്ദ്രീകരിച്ചാണു ഇവരൊക്കെ ഭരണം നടത്തിയിരുന്നത്. അവസാനത്തെ ആളായ ചേരമാൻ പെരുമാൾ കർണാടകത്തിലെ ആനഗുന്ദിയിൽ നിന്നുള്ളയാളായിരുന്നു. ഏറെ ജനപ്രിയനായ ഭരണാധിപനായിരുന്നതുകൊണ്ട് അദ്ദേഹത്തെ മൂന്ന് ഊഴക്കാലത്തേക്ക് ഭരണം നടത്താൻ കേരളീയർ തിരഞ്ഞെടുത്തു. അങ്ങനെ മുപ്പത്തിയാറുകൊല്ലം കേരളം ഭരിച്ച ഇദ്ദേഹം ഭരണഭാരമൊഴി ഞ്ഞ് വിദേശയാത്ര ക്കു പോകും മുൻപ് തന്റെ നാട് മുഴുവൻ ഇവിടത്തെ സാമന്തന്മാർക്ക് ഭാഗിച്ചുകൊടുത്തു. ആ സമയത്ത് "ചത്തും കൊന്നും അടക്കിക്കൊൾക" എന്നും പറഞ്ഞ് സ്വന്തം വാൾ കുന്നലക്കോനാതിരിക്കും പരിച വള്ളുവക്കോനാതിരിക്കും നൽകി എന്നും കേരളോല്പത്തി പറയുന്നു

അദ്ദേഹം മുഹമ്മദ് നബിയുടെ കാലത്ത് മക്കയിൽ ചെന്ന് ഇസ്ലാം മതം സ്വീകരിച്ച് താജുദീൻ എന്ന പേര് സ്വീകരിച്ചു തിരിച്ചു വരും വഴി ഒമാനിലെ സലാലയിൽ വച്ച് മരണപെടുകയും ചെയ്തു.

## ശ്രീബുദ്ധൻ

മാവേലിപുരാണം പോലെ സ്വാധീനമില്ലെങ്കിലും ശ്രീബുദ്ധനുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള കഥകളും ഉണ്ട്. സിദ്ധാർത്ഥ രാജകുമാരൻ ബോധോദയത്തിന് ശേഷം ശ്രവണപദത്തിലേക്ക് പ്രവേശിച്ചത് ശ്രാവണമാസത്തിലെ തിരുവോണനാളിലായിരുന്നുവെന്ന് ബുദ്ധമതാനുയായികൾ വിശ്വസിക്കുന്നു.



ബുദ്ധമതത്തിന് ആധിപത്യമുണ്ടായിരുന്ന അന്നത്തെ കേരളം ഈ ശ്രാവണപദ സ്വീകാരം ആഘോഷപൂർവ്വം അനുസ്മരി പ്പിക്കുന്നതാണ് ഓണമെന്ന് അവർ സമർത്ഥിക്കുന്നു. ശ്രാവണം ലോപിച്ച് ഓണം ആയത് ഇതിന് ശക്തമായ തെളിവാണ്.

# പഴയകാല ആചാരങ്ങൾ ഇന്നെവിടെ?

പണ്ടുകാലം മുതൽക്കേ ക്ഷേത്രങ്ങളിലും അതിന്റെ പരിസരങ്ങളിലുമായി പലരീതിയിലുള്ള ഓണാഘോഷങ്ങൾ നടന്നതായി ചരിത്ര രേഖകൾ സൂചിപ്പിക്കുന്നു. തിരുവല്ലയിലെ ശ്രീവല്ലഭ ക്ഷേത്രത്തിൽ പുരാതന ഓണക്കാലത്തെ ആചാരങ്ങളെയും പാരമ്പര്യങ്ങളെയും പരാമർശിക്കുന്ന ലേഖനങ്ങളുണ്ട്. 861 A.D കാലഘട്ടത്തിൽ എഴുതപ്പെട്ടതാണ് ഇതെന്ന് പറയപ്പെടുന്നു. ത്രിക്കാക്കര ക്ഷേത്രത്തിൽ ഓണവുമായി അനുബന്ധിച്ച് പണ്ടുകാലങ്ങളി ൽ നടന്നിരുന്ന ക്ഷേത്രോത്സവങ്ങളുടെ വരവ് ചിലവ്

കണക്കുകൾ അവിടുത്തെ ഓണാഘോഷങ്ങളുടെ മഹാത്മ്യം എത്രത്തോളം ഉണ്ടെന്ന യാഥാർത്ഥ്യത്തെ വെളിപ്പെടുത്തി ത്തരുന്നു.



അരിമാവ് കൊണ്ട് കോലമിടുന്നത് ഓണത്തിന്റെ ഒരു ആചാരമാണ്.



മണ്ണുകൊണ്ട് നിർമ്മിച്ച തൃക്കാക്കരയപ്പൻ മറ്റൊരാചാരം

# കളിചിരിയും ആഘോഷവുമൊന്നും പഴയതല്ല

പണ്ടൊക്കെ നാം ഒരു കൂട്ടുകുടുംബ വ്യവസ്ഥിതിയിലാണ് ഓണക്കാലം ആഘോഷിച്ചിരുന്നത്. ഓണക്കാലമായാൽ വീട്ടിലെ അംഗങ്ങൾ എല്ലാം ഒത്തുകൂടാൻ തറവാട്ടിലേക്ക് എത്തും. എന്നാൽ ഇന്ന് അത് വല്ലതുമുണ്ടോ? നഗരങ്ങളിലെ ഓണം എല്ലാ ഇന്നത്തെ ഉത്സവങ്ങളെയും പോലെ സ്വകാര്യമായി മാറിയിരിക്കുന്നു. ഗ്രാമങ്ങളിലും ഇത് ഒട്ടും വ്യത്യസ്തമല്ല. കുറഞ്ഞത് പത്ത് ദിവസമെങ്കിലും നീണ്ടു നിന്നിരുന്ന വളരെ രസകരമായ ആഘോഷങ്ങളും അതുല്യമായ നാടോടി കലാപരിപാടികളും പരമ്പരാഗത കളി ചിരികളും ഒന്നും ഇന്നില്ല.



കൈകൊട്ടിക്കളി

കുടുംബാംഗങ്ങൾ ഒരുമിച്ച് വിരുന്നിന് ഒത്തുചേരുന്നതിനും വീട്ടിൽ പൂക്കളമിടാനായി ഒരുമിച്ച് പൂക്കൾ പറിക്കാൻ ഇറങ്ങുന്നതും, ഒളിച്ച് കളിക്കലും, പട്ടം പറത്തലും, ഊഞ്ഞാലാടലും ഒക്കെയുണ്ടായ ദിവസങ്ങൾ എന്നേ കഴിഞ്ഞുപോയി. പണ്ടൊക്കെ വീട്ടിലെ സ്ത്രീകൾ ഓണനാളിൽ കൈകൊട്ടിക്കളി , തിരുവാതിര തുടങ്ങിയ കളികളിൽ ഏർപ്പെടാറുണ്ടായിരുന്നു. അതൊന്നും ഇന്നില്ല.



തുമ്പിതുള്ളൽ. പൂവ് പോരാഞ്ഞോ, പൂക്കുല പോരാഞ്ഞോ, എന്തേ തുമ്പീ തുള്ളാത്തൂ....

# പൂക്കളമിടും; പക്ഷേ പൂക്കളോ?

പൂക്കളങ്ങൾ നമ്മളിന്നും ഇടാറുണ്ട്. എന്നാൽ അതിനുള്ള പൂക്കളെല്ലാം എവിടെ നിന്നാണ് വരുന്നത് ? ഇപ്പോഴത്തെ ഓണക്കാലത്ത് കുട്ടികൾ പൂക്കൾ പെറുക്കാനൊന്നും അയൽ പ്രദേശങ്ങളിലും മറ്റു പോകാറില്ല. അയൽക്കാരന്റെ വീട്ടിലെ പൂക്കൾ ഒളിച്ചുചെന്ന് പറിച്ചെടുക്കുന്നതിന്റെ ത്രില്ലൊക്കെ ഇപ്പോഴത്തെ കുട്ടികൾക്ക് പറഞ്ഞാൽ മനസ്സിലാകുമോ?. ഓണക്കാലത്തേക്ക് ആവശ്യമായ പൂക്കളെല്ലാം സമീപ സംസ്ഥാനങ്ങളിൽ നിന്നുള്ള ട്രക്ക് ലോഡുകളിൽ വന്നെത്തുന്നു.



വിസ്മൃതിയിലായ ഓണപ്പൂക്കൾ: മുക്കൂറ്റി

പണ്ടൊക്കെ വീടുകളിലും തൊടിയിലും സമൃദ്ധമായി വളർന്നിരുന്ന തുമ്പപ്പൂ,, അരിപ്പൂ,, കാക്കപ്പൂ, മുക്കൂറ്റി തുടങ്ങിയ തദ്ദേശീയ പുഷ്പങ്ങൾ ഒക്കെ ഇന്ന് കാണാകാഴ്ചയാണ്.



വിസ്മൃതിയിലായ ഓണപ്പൂക്കൾ: തുമ്പപ്പൂ

# ഓണസദ്യയിലും മാറ്റം



റെഡിമെയ്ഡ് സദ്യകൾ

സ്ത്രീ, പുരുഷ, ജാതി, മത ഭേദമെന്യേ കേരളീയർ ഓണം ആഘോഷിക്കുന്നു. എത്രതന്നെ സാമൂഹികവിശകലനം നടത്തിയാലും എല്ലാ കേരളീയർക്കും ഓണം ആഘോഷം തന്നെയാണ്. അടുക്കളപ്പണി അധികമായി എന്ന് സ്ത്രീകൾ പറയേണ്ടിവരുന്ന കാലവും മാറിക്കഴിഞ്ഞു. പുരുഷന്മാർ അടുക്കളയിൽക്കയറി പാചകം ചെയ്യുന്ന മാറ്റം അധികമായതു കൊണ്ടല്ല. റെഡിമെയ്ഡ് സദ്യകൾ സുലഭമായി വാങ്ങാൻ പറ്റുമെന്നതുമാണ് ഒരു കാരണം. എങ്ങനെയായാലും ഓണം ആഘോഷിക്കാതിരിക്കുന്നത് ശരാശരി മലയാളിയെ സംബന്ധിച്ച് അപൂർവമാണ്. മരണമോ പ്രളയമോ മാത്രമാണ് ഓണാഘോഷത്തിൽനിന്ന് ചിലരെ പിന്തിരിപ്പിക്കുകയുള്ളൂ.

## ഓണക്കോടിയും മാറി

ഓണക്കോടി ഒഴിവാക്കി ഓണം സങ്കല്പ്പിക്കാനാകുമോ? ഓണനാളിൽ പുതുവസ്ത്രം ധരിക്കുകയും ഓണക്കോടി എല്ലാവർക്കും നല്കുകയും ചെയ്യുന്നത് ഓണാചാരത്തിന്റെ ഭാഗം കൂടിയാണ്. തിരുവോണനാളിൽ മഹാബലി എത്തുമ്പോൾ പുതുവസത്രമണിഞ്ഞ് അണിഞ്ഞൊരുങ്ങി വേണം സ്വീകരിക്കാൻ എന്നതാണ് ഓണക്കോടിയുടെ വിശ്വാസം.



ഓണകോടി അല്ലെങ്കിൽ ഓണപ്പുടവ വാങ്ങുന്ന പാരമ്പര്യം ഇപ്പോഴും നമുക്കിടയിൽ നിലവിലുണ്ട്. എങ്കിലും അവയിലും വ്യത്യാസം കടന്നുവന്നു. പരമ്പരാഗത ശൈലിയിലുള്ള പുളിയിലക്കര മുണ്ട്, പട്ടുപാവാട ദാവണി, എന്നിവയെല്ലാം മാറി പകരം റെഡിമെയ്ഡ് ഡിസൈനർ വസ്ത്രങ്ങൾ ആണ് ഇപ്പോഴത്തെ ഓണക്കോടികൾ.. വിപണികളാണ് ഇന്നത്തെ ഓണക്കാലത്തെ ഭരിക്കുന്നത്.

# നഷ്ടമാകുന്ന നാടോടി കലാരൂപങ്ങൾ

പണ്ടത്തെ ഓണനാളുകളിൽ ഉണ്ടായിരുന്ന പല നാടോടി കലാരൂപങ്ങളും ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. മുസ്ലീം കലാകാരന്മാരുടെ ഒരു ചെറിയ കൂട്ടം ഓണ ദിനങ്ങളിൽ വീടുകൾ കയറിയിറങ്ങി പേർഷ്യൻ ഫ്രെയിമിൽ ദഫ്മുട്ട് വായിക്കുന്ന പതിവുണ്ടായിരുന്നു എന്നറിയാമോ. ഓണനാളിൽ നൃത്തം ചെയ്ത് വീട്ടിലെത്തുന്ന ഇവർക്ക് വീട്ടുകാർ സന്തോഷപൂർവ്വം പണവും അരിയും പലചരക്ക് സാധനങ്ങളുമൊക്കെ നൽകി പോന്നിരുന്നു.

.



കുമ്മാട്ടിക്കളി



കോൽ കളി

അതുപോലെതന്നെ കേരളത്തിന്റെ വടക്കുഭാഗങ്ങളിൽ ഓണവേദൻ എന്നൊരു സങ്കല്പവും ഉണ്ടായിരുന്നു. കണ്ണൂർ, കസാർഗോഡ്, പാലക്കാട് ജില്ലകളിൽ പണ്ടത്തെ ഓണക്കാലത്ത് മുഖത്ത് ചുവപ്പ് നിറം പൂശി കിരീടമണിഞ്ഞ് ഒരു കൈയിൽ മണിയും, മറുവശത്ത് ഈന്തപ്പഴം നിറച്ച കൂടയും പിടിച്ചുകൊണ്ട് കുറച്ചാളുകൾ വീട് സന്ദർശിക്കാൻ എത്തും. ഓണപ്പൊട്ടൻമാർ എന്നാണവരെ നമ്മൾ പേരിട്ടു വിളിച്ചിരുന്നത്. ചെണ്ടയും ഇല്ലത്താളവുമിട്ട് മറ്റ് രണ്ട് പേർ കൂടി ഓണപ്പൊട്ടനോടൊപ്പം കൂടെയുണ്ടാവും. ഗതകാല സ്മരണകളുടെ, തലമുറകളുടെ സമ്പാദ്യത്തിന്റെ അടിത്തട്ടിലേക്കിറങ്ങുന്ന പഴംകഥകളും ഐതിഹ്യങ്ങളും പാരമ്പര്യങ്ങളും പ്രകാശിപ്പിക്കുന്നവയാണ് ഈ കലാരൂപങ്ങളെല്ലാം. ഇത്തരം കലാരൂപങ്ങൾ എല്ലാം തന്നെ ഇന്നത്തെ ദിനങ്ങളിൽ വളരെ അപൂർവമായി മാത്രമേ നമുക്ക് കാണാനാകൂ.

# ഓണം അന്ന്

ഓണത്തെക്കുറിച്ചുള്ള പഴയകാല കവിതകളും കഥകളുമൊക്കെ കേൾക്കുമ്പോൾ ഓണനിലാവ് പോലുള്ള കാവ്യസങ്കൽപ്പങ്ങൾ നമ്മുടെ മനസ്സിൽ ഉടലെടുക്കുന്നത് കണ്ടിട്ടില്ലേ! ഓണക്കാലത്തെ പ്രകൃതിയുടെ മനോഹാരിതയിൽ മഴയ്ക്ക് കൂട്ടായി വയലുകളിൽ ഓണതുമ്പിയും ഓണക്കാലത്ത് മാത്രം നാട് സന്ദർശിക്കാനെത്തുന്ന മഞ്ഞക്കിളിയുമൊക്കെ എത്തിയിരുന്ന ഒരു കാലമുണ്ടായിരുന്നു നമുക്ക്. ചുറ്റുമൊന്ന് കണ്ണോടിച്ചാൽ പ്രകൃതി പോലും മനസ്സുകൊണ്ട് ഓണത്തെ വരവേറ്റിരുന്ന ഒരു കാലം ഉണ്ടായിരുന്നു നമുക്ക്.



എല്ലാം മാഞ്ഞു കൊണ്ടിരിക്കുന്ന ഓർമ്മകൾ മാത്രമായി മാറിക്കൊണ്ടിരിക്കുന്നു. പഴയതല്ലെങ്കിലും ഓണം ഇനിയും വരും. നഷ്ടപ്പെടാതെ കാത്തു സൂക്ഷിക്കാം നമുക്ക്.







### ഇന്ത്യൻ ഇൻഡിപെൻഡൻസ് ആക്ട് 1947

1947 ഓഗസ്റ്റ് 15-ന് യുണൈറ്റഡ് കിംഗ്ഡം (യുകെ) പാർലമെന്റ് ഇന്ത്യൻ ഇൻഡിപെൻഡൻസ് ആക്ട് 1947 പാസ്സാക്കി. ജുഡീഷ്യൽ പരമാധികാരം ഇന്ത്യൻ ഭരണഘടനാ അസംബ്ലിയിലേക്ക് കൈമാറി. എലിസബത്ത് രാജ്ഞി രണ്ടാമന്റെ പിതാവായ ജോർജ്ജ് ആറാമൻ രാജാവ്, രാജ്യം സമ്പൂർണ്ണ റിപ്പബ്ലിക്കൻ ഭരണഘടനയിലേക്കുള്ള കൈമാറ്റം പൂർത്തിയാകുന്നതു വരെ സംസ്ഥാനത്തിന്റെ തലവനായി തുടർന്നു. ബ്രിട്ടീഷ് ഭരണത്തിൽ നിന്ന് സ്വാതന്ത്ര്യം നേടാൻ മഹാത്മാഗാന്ധിയുടെ ത്യാഗപൂർണ്ണമായ നേതൃത്വത്തിൻ കീഴിൽ ഇന്ത്യ കഠിനമായി പോരാടി. ബ്രിട്ടീഷുകാരിൽ നിന്ന് സ്വാതന്ത്ര്യം നേടുന്നതിൽ മോഹൻദാസ് കരംചന്ദ് ഗാന്ധിയുടെ പങ്ക് നിർണായകമായിരുന്നു. രാജ്യത്തുടനീളം നിരവധി സ്വാതന്ത്ര്യ സമര സേനാനികൾ അദ്ദേഹത്തെ പിന്തുടർന്നു. സ്വാതന്ത്ര്യാനന്തരം ജവഹർലാൽ നെഹ്റു ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രിയായി. മോഹൻദാസ് കരംചന്ദ് ഗാന്ധി , മഹാത്മാഗാന്ധി, ഇന്ന് 'രാഷ്ട്രപിതാവ്' എന്ന് അംഗീകരിക്കപ്പെടുന്നു. എല്ലാ സ്വാതന്ത്ര്യ സമര സേനാനികൾക്കും ആദരാഞ്ജലികൾ അർപ്പിക്കാൻ അവസരം ലഭിക്കുന്ന ഇന്ത്യക്കാർക്ക് ഓഗസ്റ്റ് 15 വളരെ അനുകൂലമായ ദിവസമാണ്. ദേശീയ അവധി ദിവസമായതിനാൽ, പതാക ഉയർത്തൽ ചടങ്ങിന് ശേഷം എല്ലാ മേഖലാ തലത്തിലും സംസ്ഥാന തലത്തിലും ദേശീയ തലത്തിലും സർക്കാർ ഓഫീസുകൾ അടഞ്ഞുകിടക്കും. സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് ഇന്ത്യൻ രാഷ്ട്രപതി രാജ്യത്തെ അഭിസംബോധന ചെയ്യും. ഡൽഹിയിൽ ഇന്ത്യൻ പ്രധാനമന്ത്രി പതാക ഉയർത്തുന്ന ചടങ്ങിൽ പങ്കെടുക്കുകയും ചെങ്കോട്ടയിൽ രാജ്യത്തെ അഭിസംബോധന ചെയ്യുകയും ചെയ്യും. സംസ്ഥാന തലത്തിലും ദേശീയ തലത്തിലും സാംസ്കാരിക പരിപാടികളും നടക്കുന്നു.. ചിലയിടങ്ങളിൽ സ്വാതന്ത്ര്യ സമര സേനാനികളുടെ കുടുംബങ്ങളെ സ്വാതന്ത്ര്യ ദിനത്തിൽ ആദരിക്കാറുണ്ട്.

## സ്വാതന്ത്ര്യ ദിനാഘോഷങ്ങളിൽ എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ

## കോട്ടയം



ഭാരതത്തിന്റെ 77–ാം സ്വാതന്ത്ര്യ ദിന ആഘോഷങ്ങൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കോട്ടയം അഡ്മിനിസ്ട്രേറ്റീവ് ഓഫീസിൽ നടത്തി . ബഹുമാനപ്പെട്ട ഡെപ്യൂട്ടി ജനറൽ മാനേജർ ശിവകുമാർ J. ദേശീയ പതാക ഉയർത്തി സ്വാതന്ത്ര്യദിന സന്ദേശം നൽകി. അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്. സ്റ്റാഫ് അംഗങ്ങളും അവരുടെ കുടുംബാംഗങ്ങളും സന്നിഹിതരായിരുന്നു. തദവസരത്തിൽ കുട്ടികൾ ദേശഭക്തി ഗാനങ്ങൾ ആലപിക്കുകയും ചെയ്തു. നമ്മുടെ അസോസിയേഷൻ പ്രതിനിധികളായി ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ഹെൻട്രി ജോൺ, ജില്ലാ പ്രസിഡന്റ് കെ. എൻ വിശ്വനാഥൻ നായർ., ജോയിന്റ് സെക്രട്ടറി വി ആർ ബാലകൃഷ്ണൻ നായർ , ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം കെ.ജെ.വർഗീസ് എന്നിവർ പങ്കെടുത്തു. ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ഹെൻറി ജോൺ സ്വാതന്ത്ര്യദിന ആശംസകൾ നേർന്നുകൊണ്ട് സംസാരിച്ചു. പങ്കെടുത്ത എല്ലാവർക്കും പ്രഭാത ഭക്ഷണവും ഒരുക്കിയിരുന്നു.

## തിരുവനന്തപുരം

അസോസ്സിയേഷന്റെ തിരുവനന്തപുരം സ്റ്റാച്യൂവിലുള്ള ഏരിയാ ഓഫീസ് പരിസരത്ത ഓഗസ്റ്റ് 15 ന് 10 മണിക്ക് പതാക ഉയർത്തി. അറുപതില്പ്പരം അംഗങ്ങൾ ആവേശപൂർവ്വം ചടങ്ങിൽ പങ്കെടുത്തു. ജനറൽ സെക്രട്ടറി ജയകുമാർ എ., രക്ഷാധികാരി ജോൺ ജോസഫ്, ഡി.ജി.എസ്സ്., എം.എസ്സ്. അയ്യർ. ജില്ലാ പ്രസിഡന്റ് എ. ആർ സോമനാഥൻ പിള്ള, വൈസ് പ്രസിഡന്റ് രാധാദേവി. പി.വി. ജില്ലാ സെക്രട്ടറി ജോസഫ്. വി.എൽ. ട്രഷറർ എസ്സ്.എ. റഹ്മാൻ, ജോയിന്റ് സെക്രട്ടറി. എസ്സ് വിജയകുമാരൻ നായർ, അസിസ്റ്റന്റ് ട്രഷറർ. രാമസ്വാമി, കമ്മറ്റി അംഗങ്ങൾ, കുടുംബാംഗങ്ങൾ എന്നിവർ പങ്കെടുത്തു.

# വേറിട്ട പ്രകടനവുമായി ടീം എറണാകുളം

നമ്മുടെ രാജ്യത്തിന്റെ 77–ാം സ്വാതന്ത്ര്യ ദിനത്തോട് അനുബന്ധിച്ച് നമ്മുടെ SBIPA Ekm ജില്ലയെ പ്രതിനിധീകരിച്ച് ഡിജിഎസ് ജോസഫ് പാലക്കൽ. സ്വാതന്ത്ര്യദിന സന്ദേശത്തോടൊപ്പം നമ്മുടെ മുതിർന്ന ഗായകർ ആലപിച്ച ദേശഭക്തി ഗാനങ്ങളും ഉൾക്കൊള്ളിച്ച് ഒരു ദേശസ്നേഹ വീഡിയോ പുറത്തിറക്കി..



15.8.23 ന് സ്വാതന്ത്ര്യ ദിനാഘോഷങ്ങളിൽ സ്വാതന്ത്ര്യദിനാശംസകൾ നേർന്ന് ഡിജിഎസ് ജോസഫ് പാലക്കൽ.

വീഡിയൊ നിർമ്മിച്ച് പുറത്തിറക്കുന്നതിൽ സംസ്ഥാന കമ്മറ്റിയംഗം രാജലക്ഷ്മി റ്റി.എം മുഖ്യ പങ്ക് വഹിച്ചു. ജില്ലാ അസിസ്റ്റന്റ് ട്രഷറാർ കൂടിയായ ബീനാ കെ.രവി യും ഇതിൽ പ്രധാന പങ്കാളിയായി.



ആലാപനം ഗംഭീരമാക്കി പ്രവർത്തകർ

# ജോയിന്റ് ഫോറം ഓഫ് ബാങ്ക് റിട്ടയേർസ് കേരള 2023 ജൂലൈ 31-ന് നടത്തിയ ധർണ മഹത്തായ പ്രകടനം

പ്രിയ സഖാക്കളേ,

മുൻ കേരള മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ വിയോഗത്തെ തുടർന്ന് ജൂലൈ 19 –ാം തിയതി നടത്താനിരുന്ന അവകാശദിനാചരണം ജൂലൈ 31 വരെ മാറ്റിവച്ചു. 2023 ജൂലൈ 31-ന് നടത്തിയ ധർണ മഹത്തായ പ്രകടനം ആയി മാറി.. 2023 ജൂലൈ 5-ന് AIBPARC, SBIPAK, AKBRF, RBONC എന്നിവയുടെ നേതാക്കളുടെ ആദ്യ ഓൺലൈൻ മീറ്റിംഗിന് ശേഷം വെറും 25 ദിവസത്തിനുള്ളിൽ, ഈ 4 സംഘടനകളിലെയും അംഗങ്ങൾ 14 ജില്ലകളിലും ഐക്യത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും മഹത്തായ പ്രകടനം നടത്തി. ഒരുപക്ഷേ രാജ്യത്ത് തന്നെ ഇത് ആദ്യമായി സംഭവിച്ച ഒരു കാര്യമാണ്,

എല്ലാ കേന്ദ്രങ്ങളിലെയും അംഗങ്ങളുടെ പ്രതികരണം സ്വതസിദ്ധവും അത്യധികം ആവേശഭരിതവുമായിരുന്നു. ബാങ്കിൽ നിന്ന് വിരമിച്ചവർ വളരെ കുറവുള്ള വയനാട്ടിൽ പോലും പ്രകടനം വളരെ നന്നായി നടന്നു. എല്ലായിടത്തും പരിപാടികൾ മികച്ച രീതിയിൽ സംഘടിപ്പിക്കുകയും സംഘാടകരുടെ പ്രതീക്ഷകൾ പോലും കവിയുന്ന വിസ്മയ കരമായ പങ്കാളിത്തത്തോടെ മാന്യമായി നടത്തുകയും ചെയ്തു. എല്ലാ മാദ്ധ്യമങ്ങളും വലിയ പ്രധാന്യത്തോടെ വാർത്ത പ്രസിദ്ധീകരിച്ചു.

വളരെ മികച്ച രീതിയിൽ ഇത് സാധ്യമാക്കിയ കേരളത്തിലെ ബാങ്ക് ജീവനത്തിൽ നിന്നും റിട്ടയർ ചെയ്ത മുഴുവൻ സഹോദരങ്ങൾക്കും അഭിനന്ദനങ്ങൾ. മികച്ച ഏകോപന ത്തിനും മാതൃകാപരമായ നേതൃത്വത്തിനും ജില്ലാതലത്തി ലുള്ള നാല് സംഘടനാ നേതാക്കൾക്ക് പ്രത്യേക അഭിനന്ദന ങ്ങൾ. 2002 നവംബറിന് മുമ്പുള്ള റിട്ടയർ ചെയ്തവർക്ക് ഡിഎയുടെ 100% ന്യൂട്രലൈസേഷൻ എന്ന പ്രശ്നത്തിന്റെ പരിഹാരം തീർച്ചയായും വലിയ ഉത്തേജനം നൽകി.

മൊത്തത്തിൽ അവകാശദിനാചരണം ബാങ്ക് റിട്ടയർ ചെയ്യുന്നവരെ ഊർജസ്വലമാക്കുകയും ബാങ്ക് റിട്ടയേർസ് ഓർഗനൈസേഷനുകൾക്ക് ഊർജം പകരുകയും ചെയ്തു. ബാങ്ക് റിട്ടയർ ചെയ്യുന്നവരുടെ ഐക്യവും ഐക്യദാർഢ്യവും നിലനിർത്തുമെന്ന് നമുക്ക് പ്രതിജ്ഞ ചെയ്യാം. ബാങ്ക് റിട്ടയേർസ് കേരള ജോയിന്റ് ഫോറത്തിന് അഭിനന്ദനങ്ങൾ!

ബി. ശ്രീകുമാർ (AIBPARC)
എ.ജയകുമാർ (SBIPAK)
എം.സുരേഷ് (എകെബിആർഎഫ്)
എം.കെ. നായർ (RBONC)
സംസ്ഥാന ജോയിന്റ് കൺവീനർമാർ-

# മലയാള മനോരമ ദിനപ്പത്രത്തിൽ വന്ന വാർത്ത




ജോയിന്റ് ഫോറം ഓഫ് ബാങ്ക് റിട്ടയറീസ് കേരള നടത്തിയ ധർണ തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.

## വിരമിച്ച ബാങ്ക് ജീവനക്കാർ ധർണ നടത്തി

കോട്ടയം • വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ജോയിന്റ് ഫോറം ഓഫ് ബാങ്ക് റിട്ടയറീസ് കേരള ധർണ നടത്തി. തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. എഐബിപിഎആർസി സീനിയർ വൈസ് പ്രസിഡന്റ് ഡോ. തോമസ് അധ്യക്ഷത വഹിച്ചു. സി.നാരായണൻ, ജോസഫ് മത്തായി, ഹെൻട്രി ജോൺ, വിനോദ് ഫിലിപ്പ്, പ്രഫ. സദാശിവൻ നായർ, വി.എസ്.തങ്കപ്പൻ, അർജുനൻ ആചാരി തുടങ്ങിയവർ പ്രസംഗിച്ചു. പെൻഷൻ പരിഷ്കരിക്കുക, ആരോഗ്യ ഇൻഷുറൻസ് പ്രീമിയം ബാങ്കുകൾ വഹിക്കുക, സ്പെഷൽ അലവൻസ് റിട്ടയർമെന്റ് ആനുകൂല്യങ്ങൾക്ക് പരിഗണിക്കുക തുടങ്ങിയവയാണ് ആവശ്യം.

## ഇടുക്കി ജില്ലയിൽ

ബാങ്ക് ദേശസാൽക്കരണത്തിന്റെ 54-–ാം വാർഷികത്തോടനുബന്ധിച്ച് ഇടുക്കി ജില്ലയിൽ, കേരളത്തിലെ ബാങ്ക് റിട്ടയേർസ് ജോയിന്റ് ഫോറം ഡിമാൻഡ് ഡേ ആചരിച്ചു,
തൊടുപുഴയിലെ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ ലീഡ് ജില്ലാ ഓഫീസിനു മുന്നിൽ തൊണ്ണൂറോളം സഖാക്കൾ മുദ്രാവാക്യം വിളികളോടെ രാവിലെ 10.30 ന് ധർണ നടത്തി. ഔപചാരിക ഉദ്ഘാടനം തൊടുപുഴ മുനിസിപ്പൽ ചെയർമാൻ .സനീഷ് ജോർജ് നിർവഹിച്ചു.

ബാങ്കിൽ നിന്ന് വിരമിച്ച മുതിർന്ന പൗരന്മാർ തങ്ങളുടെ നിയമാനുസൃതമായ പെൻഷൻ അപ്ഡേറ്റ് ലഭിക്കുന്നതിന് നിർബന്ധിത ധർണയ്ക്ക് വിധേയരാകുന്നത് ലജ്ജാകരമാണെന്ന് അദ്ദേഹം പ്രസംഗത്തിൽ പറഞ്ഞു. ഇത് അവരുടെ മൗലികാവകാശമാണ്, വിവിധ ബാങ്കുകളുടെ മാനേജ്മെന്റ് പറയുന്നത് പോലെ, അത് ഐ.ബി.എ ആയാലും മറ്റെന്തെങ്കിലും ആയാലും ഒരു ഔദാര്യമല്ല.



ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ജോസഫ് പാലയ്ക്കൻ ധർണ്ണയെ അഭിസംബോധന ചെയ്യുന്നു.

വിരമിച്ചവരുടെ മെഡിക്കൽ ഇൻഷുറൻസ് പ്രീമിയം അവരുടെ മുൻകാല സേവനങ്ങൾ കണക്കിലെടുത്ത് സേവിക്കുന്ന ജീവനക്കാരുടെ കാര്യത്തിലെന്നപോലെ അതത് ബാങ്കുകളിൽ നിന്ന് നൽകണമെന്നും അദ്ദേഹം പറഞ്ഞു.
ധർണ യോഗത്തിൽ AIBPARC ജില്ലാ പ്രസിഡന്റ് .തോമസ് ആന്റണി അധ്യക്ഷത വഹിച്ചു. രാജ്യത്തെ ബാങ്കുകളുടെ ദേശസാൽക്കരണത്തിനു ശേഷമുള്ള ആനുകൂല്യങ്ങളും, പൊതുമേഖലാ ബാങ്കുകളുടെ കൂടുതൽ സ്വകാര്യവൽക്കരണം, അനന്തരഫലമായി കാത്തിരിക്കുന്ന ഭീഷണികളും അദ്ദേഹം പ്രസംഗത്തിൽ വിശദീകരിച്ചു.

എസ്ബിഐപിഎകെ സംസ്ഥാന വൈസ് പ്രസിഡന്റ് ജോസ് മാർസെലിൻ മുഖ്യപ്രഭാഷണം നടത്തി, ഐബിഎയിൽ തീർപ്പുകൽപ്പിക്കാതെയുള്ള വിരമിച്ചവരുടെ ആവശ്യങ്ങൾ വിശദമാക്കി. എസ്.ബി.ഐ പി.എ.കെ ജില്ലാ പ്രസിഡന്റ് ടി.ജി.പ്രഭാകരൻ, സാജൻ ടി.പി. AKBRF ജില്ലാ പ്രസിഡന്റ്, AIBOC ജില്ലാ പ്രസിഡന്റ് ഇ.അജയൻ എന്നിവർ ആശംസകൾ അർപ്പിച്ചു.

വീക്ഷണം



ജോയിന്റ് ഫോറം ഓഫ് ബാങ്ക് റിട്ടയറീസ് കേരളയുടെ നേതൃത്വത്തിൽ അവകാശ ദിനാചരണം തൊടുപുഴ നഗരസഭാ ചെയർമാൻ സനീഷ് ജോർജ് ഉദ്ഘാടനം ചെയ്യുന്നു

## എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷൻസ് ഫെഡറേഷന്റെ ജനറൽ സെക്രട്ടറിയിൽ നിന്ന് 09.08.2023ന് ലഭിച്ച സന്ദേശം



എ . ജയകുമാർ, ജനറൽ സെക്രട്ടറി
എസ്ബിഐപിഎ കേരള

'ഇന്ന് ഡൽഹിയിൽ വളരെ സൗഹാർദ്ദപരമായ അന്തരീക്ഷത്തിലാണ് എംപവേർഡ് കമ്മിറ്റിയുമായുള്ള

കൂടിക്കാഴ്ച നടന്നതെന്ന് അറിയിക്കുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. 3 അംഗ ഫെഡറേഷൻ ടീമിന് പ്രസിഡന്റാണ് നേതൃത്വം നൽകിയത്, ബാങ്കിന്റെ ടീമിന് ഡിഎംഡി (എച്ച്ആർ) സിഡിഒയാണ് നേതൃത്വം നൽകിയത്. പ്രതിനിധി ഐ.ബി.എയും സന്നിഹിതനായിരുന്നു.കോടതി ഉത്തരവ് പ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ ചെയർമാൻ യോഗത്തിൽ അധ്യക്ഷത വഹിച്ചു. 01.11.2002ന് മുമ്പ് വിരമിച്ചവർക്ക് പ്രയോജനപ്പെടുന്ന ഡി.എ പ്രശ്നം ക്ലിയർ ചെയ്തതിന് ഞങ്ങൾ കമ്മിറ്റിക്കും ഐ.ബി.എയ്ക്കും നന്ദി പറഞ്ഞു. തുടർന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ മാത്രം നിലനിൽക്കുന്ന അപാകത, 40:50 അസന്തുലിതാവസ്ഥ, ഇല്ലാതാക്കാൻ ഞങ്ങൾ കമ്മറ്റിയോട് അഭ്യർത്ഥിച്ചു, എന്നിരുന്നാലും എസ്ബിഐ മാനേജ്മെന്റ് നിരവധി തവണ ഗവൺമെന്റിനോട് അതിന്റെ പരിഹാരത്തിനായി അഭ്യർത്ഥിച്ചിരുന്നു. . തുടർന്ന് പെൻഷൻ അപ്ഡേറ്റ് വിഷയം സർക്കാരിൽ നിന്ന് വ്യത്യസ്തമായി അവരുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു. പെൻഷൻകാർക്കും ബാങ്കിംഗ് മേഖലയിലെ പെൻഷൻകാർക്കും ശമ്പള പരിഷ്കരണത്തോടൊപ്പം പെൻഷൻ പരിഷ്ക്കരണത്തിന്റെ ആനുകൂല്യങ്ങളും നിഷേധിക്കപ്പെടുന്നു. മുൻ സീനിയർമാർക്ക് അവരുടെ പിന്നീട് വിരമിച്ച ജൂനിയർമാരുടേതിനേക്കാൾ കുറഞ്ഞ തുക പെൻഷനായി ലഭിക്കുന്നതിനാൽ അവർക്ക് മാന്യമായ ജീവിതം നയിക്കാൻ കഴിയില്ല.

ഫെഡറേഷന്റെ മൂന്ന് പ്രതിനിധികൾക്കിടയിൽ ഒരാൾ സംസാരിക്കണമെന്ന് കോടതി ഉത്തരവിൽ പറഞ്ഞെങ്കിലും ചെയർമാൻ അത്യധികം ഉത്സാഹം കാണിക്കുകയും ഫെഡറേഷൻ ജനറൽ സെക്രട്ടറിയെയും പ്രസിഡന്റിനെയും അനുബന്ധമായി അനുവദിക്കുകയും ചെയ്തു.

നല്ല ഒരു കുറിപ്പോടെ മീറ്റിംഗ് അവസാനിച്ചു, നമുക്ക് നല്ലത് പ്രതീക്ഷിക്കാം. പെൻഷനേഴ്സ് ഓർഗനൈസേഷന്റെ പ്രതിനിധിയെ അവരുടെ കേസ് സ്വയം ഏറ്റെടുക്കാൻ അനുവദിച്ച കോടതി വാഗ്ദാനം ചെയ്ത അവസരം പ്രയോജനപ്പെടുത്താൻ കഴിയുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. കമ്മറ്റിയുടെ റിപ്പോർട്ട് ബെഞ്ചിന് മുന്നിൽ വയ്ക്കുന്നത് വരെ നമ്മൾ വിരൽ ചൂണ്ടണം.

അവസാനിപ്പിക്കുന്നതിന് മുമ്പ്, അഫിലിയേറ്റുകൾ അവരുടെ വിലപ്പെട്ട ഇൻപുട്ടുകൾ വഴി ഞങ്ങൾക്ക് നൽകിയ പിന്തുണ ഞങ്ങൾ അംഗീകരിക്കുന്നു.

## ഫെഡറേഷൻ ഗവേണിംഗ് ബോഡി യോഗം




2023 ആഗസ്റ്റ് മാസം 16–ാംതിയതി ഗുജറത്തിലെ ഗാന്ധിനഗറിൽ എസ്.ബി.ഐ. ലേണിങ് സെന്ററിൽ വച്ച് നടന്ന അഖിലേന്ത്യാ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസിയേഷനുകളുടെ ഫെഡറേഷൻ ഗവേണിംഗ് ബോഡി യോഗം നടന്നപ്പോൾ





യോഗത്തിൽ പങ്കേടുക്കുന്ന പ്രതിനിധികൾ. കേരളത്തിൽ നിന്നുള്ള പ്രതിനിധികളേയും കാണാം



യോഗത്തിൽ സംസാരിക്കുന്ന.ഡെപ്യൂട്ടി ജനറൽ സെക്രട്ടറിമാരായ എ.രാഘവൻ, രാധാകൃഷ്ണൻ പുല്ലഞ്ചേരി എന്നിവർ

भारतीय रिज़र्व बैंक
Reserve Bank of India
India's Central Bank

# റിപ്പോ റിവേഴ്സ് റിപ്പോ നിരക്കുകൾ തുടരും ആർ.ബി.ഐ.

### റിസർവ് ബാങ്കിന്റെ ധനനയ അവലോകന യോഗത്തിലെ തീരുമാനങ്ങൾ പ്രഖ്യാപിച്ചു. ഇത്തവണ പലിശ നിരക്കുകളിൽ മാറ്റമില്ല. 6.5% എന്ന നിലവിലെ നിരക്ക് തുടരും.

കഴിഞ്ഞ രണ്ടു തവണയും ആർബിഐ പലിശ നിരക്കുകളിൽ മാറ്റം വരുത്തിയിരുന്നില്ല. 2023 മെയ് മുതൽ തുടർച്ചയായി പലിശ നിരക്കുകളിൽ വർധന

വരുത്തിയതിനു ശേഷമാണ് റിസവ് ബാങ്ക് കഴിഞ്ഞ ഏപ്രിൽ മുതൽ നിരക്കുകൾ മാറ്റാതിരുന്നത്. ഇന്ത്യൻ സമ്പദ് വ്യവസ്ഥയെ സംബന്ധിച്ച് ശുഭാപ്തി വിശ്വാസമാണ് ആർബിഐ ഗവർണർ ശക്തികാന്ത ദാസ് പ്രകടിപ്പിച്ചത്. രാജ്യത്തെ പണപ്പെരുപ്പ നിരക്കുകൾ ആർബിഐ നിരീക്ഷിച്ചു വരികയാണ്. ആവശ്യമുള്ള സാഹചര്യങ്ങളിൽ അനുയോജ്യമായ നടപടികൾ കൈക്കൊള്ളുമെന്നും അദ്ദേഹം അറിയിച്ചു.

| | |
|---|---|
| **റിപ്പോ നിരക്ക്** | : 6.5% |
| സ്റ്റാന്റിങ്ങ് **ഡെപ്പോസിറ്റ്** ഫസിലിറ്റി റേറ്റ് | : 6.25% |
| മർജിനൽ സ്റ്റാന്റിങ്ങ് ഫെസിലിറ്റി റേറ്റ് | : 6.75% |
| ബാങ്ക് റേറ്റ് | : 5.15% |
| **റിവേഴ്സ് റിപ്പൊ നിരക്ക് മാറ്റമില്ലാതെ നിലനിർത്തി.** | : 3.35% |

## വായ്പാ നിരക്കുകളിൽ എന്തു സംഭവിക്കും?

റിസർവ് ബാങ്ക് പലിശ നിരക്കുകളിൽ മാറ്റം വരുത്തിയിട്ടില്ല. ഇക്കാരണത്താൽ റിപ്പോ റേറ്റുമായി ലിങ്ക് ചെയ്തിരിക്കുന്ന എക്സ്റ്റേണൽ ബെഞ്ച് മാർക്ക് ലെൻഡിങ് റേറ്റുകൾ (EBLR) ഉയരില്ല.

# നിർമിതബുദ്ധി ഉപയോഗം ശക്തമാക്കാൻ റിസർവ് ബാങ്ക്

ബാങ്കുകളുടെയും ബാങ്കിതര ധനകാര്യസ്ഥാ പനങ്ങളുടെയും മേലുള്ള നിയന്ത്രണവും നിരീക്ഷണവും കാര്യക്ഷമമാക്കുന്നതിന് നിർമിതബുദ്ധിയുടെ ഉപയോഗം വ്യാപകമാക്കാൻ റിസർവ് ബാങ്ക്. ഇതിനായി നിർമിതബുദ്ധിയും മെഷീൻ ലേണിങ്ങും ഉപയോഗിക്കുന്നതിനുള്ള സാങ്കേതിക സംവിധാനങ്ങളൊരുക്കാൻ ആഗോള കൺസൾട്ടൻസി സ്ഥാപനങ്ങളായ മക്കിൻസി ആൻഡ് കമ്പനി ഇന്ത്യയെയും അക്സഞ്ചർ സൊ ലൂഷൻസ് ഇന്ത്യയെയും ചുമതലപ്പെടുത്തി. റിസർവ് ബാങ്ക് രേഖകൾ പ്രകാ രം 91 കോടി രൂപയുടെ കരാറാണ് ഇരുകമ്പനികൾക്കുമായി നൽകിയിരിക്കു ന്നത്. നിരീക്ഷണ പ്രവർത്തനങ്ങൾക്കായി നിലവിൽ ആർ.ബി .ഐ. നിർമിതബുദ്ധിയും മെഷീൻ ലേണിങ്ങും ഉപയോഗിക്കു ന്നുണ്ട്.

## സംഘർഷരഹിതമായ വായ്പക്കായി ഏകീകൃത സംവിധാനമൊരുക്കാൻ റിസർവ് ബാങ്ക്.

സംഘർഷരഹിതമായ ക്രെഡിറ്റിനായി പബ്ലിക് ടെക് പ്ലാറ്റ് ഫോമിനായുള്ള പൈലറ്റ് പ്രോജക്റ്റ് ആരംഭിക്കാൻ ഒരു പൊതു സാങ്കേതിക പ്ലാറ്റ്ഫോം വികസിപ്പിച്ചതായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പ്രഖ്യാപിച്ചു. ആർബിഐയുടെ പൂർണ ഉടമസ്ഥതയിലു ള്ള റിസർവ് ബാങ്ക് ഇന്നൊവേഷൻ ഹബ് (ആർബിഐഎച്ച്) ആണ് പ്ലാറ്റ്ഫോം വികസിപ്പിച്ചത്. തമിഴ്നാട്, മധ്യപ്രദേശ്, കർണാടകം, ഉത്തർപ്രദേശ്, മഹാരാഷ്ട്ര എന്നിങ്ങനെ അഞ്ചു സംസ്ഥാനങ്ങളിൽ ഇതിന്റെ പരീക്ഷണാടിസ്ഥാനത്തിലുള്ള പ്രവർത്തനം 2023 ഓഗസ്റ്റ് 17 -ാം തിയതി വ്യാഴാഴ്ച തുടങ്ങി. രാജ്യത്ത് ഡിജിറ്റലൈസേഷൻ നടപടികൾ അതിവേഗം മുന്നോട്ടുപോകുന്ന സാഹചര്യത്തിലാണ് പുതിയ പ്ലാറ്റ്ഫോം അവതരിപ്പിക്കുന്നത്. സാമ്പത്തിക ഇടപാടുകൾക്കും വായ്പയിലും മറ്റു പ്രവർത്തനങ്ങളിലും നൂതനസൗകര്യങ്ങൾ ലഭ്യമാക്കാൻ ബാങ്കുകളെയും ബാങ്കിതര ധനകാര്യസ്ഥാപനങ്ങളെ യും ഫിൻടെക് കമ്പനികളെയും സ്റ്റാർട്ടപ്പുകളെയും പ്രാപ്തമാക്കാനും ശക്തിപ്പെടുത്താനും പൊതുവായ ഡിജിറ്റൽ പശ്ചാത്തലസൗകര്യം ലഭ്യമാക്കുകയാണ് ആർ.ബി.ഐ. ലക്ഷ്യം.

# പ്രധാനമന്ത്രി ജൻധൻ പദ്ധതി

## ബാങ്ക് അക്കൗണ്ടുകളുടെ എണ്ണം 50 കോടി യോടടുക്കുന്നു

### അക്കൗണ്ടുകളിലുള്ളത് രണ്ടുലക്ഷം കോടി രൂപ

പ്രധാനമന്ത്രി ജൻ ധൻ പദ്ധതി ഒമ്പതു വർഷം പൂർത്തിയാ ക്കാനിരിക്കേ ഈ വിഭാഗത്തിലുള്ള ബാങ്ക് അക്കൗണ്ടുക ളുടെ എണ്ണം 50 കോടി യോടടുക്കുന്നു. ജൂലായ് 19 വരെയുള്ള കണക്കനുസരിച്ച് 49.56 കോടി ജൻധൻ അക്കൗണ്ടുകളാണ് രാജ്യത്തുള്ളത്. ഇത്രയും അക്കൗണ്ടുക ളിലായി 2,00,590.25 കോടി രൂപയാണ് നിലവിലുള്ളത്. അതായത്, ഒരു അക്കൗണ്ടിൽ ശരാശരി 4,000 രൂപയ്ക്കടുത്ത്. കൂടുതലും സ്ത്രീകളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ.

## സ്കീം വിശദാംശങ്ങൾ

പ്രധാന് മന്ത്രി ജൻ-ധൻ യോജന (PMJDY) എന്നത് സാമ്പത്തിക സേവനങ്ങൾ, അതായത് അടിസ്ഥാന സേവിംഗ്സ് & ഡെപ്പോസിറ്റ് അക്കൗണ്ടുകൾ, പണമടയ്ക്കൽ, ക്രെഡിറ്റ്, ഇൻഷുറൻസ്, പെൻഷൻ എന്നിവ താങ്ങാനാവുന്ന രീതിയിൽ ഉറപ്പാക്കുന്നതിനുള്ള സാമ്പത്തിക ഉൾപ്പെടുത്ത ലിനുള്ള ദേശീയ ദൗത്യമാണ്. മറ്റൊരു അക്കൗണ്ടും ഇല്ലാത്ത വ്യക്തികൾക്ക് ഏതെങ്കിലും ബാങ്ക് ശാഖയിലോ ബിസിനസ്

കറസ്പോണ്ടന്റിലോ (ബാങ്ക് മിത്ര) ഒരു അടിസ്ഥാന സേവിംഗ്സ് ബാങ്ക് ഡെപ്പോസിറ്റ് (BSBD) അക്കൗണ്ട് സ്കീമിന് കീഴിൽ, തുറക്കാവുന്നതാണ്.

## വിപണിയിൽ ഇനി 0.42 ലക്ഷം കോടിയുടെ 2,000 രൂപ നോട്ടുകൾ മാത്രം

വിപണിയിൽ പ്രചാരത്തിലുണ്ടായിരുന്ന 2,000 രൂപ നോട്ടുകളിൽ 88 ശതമാനവും ബാങ്കുകളിൽ തിരിച്ചെത്തിയതായി റിസർവ് ബാങ്ക്. 2023 മാർച്ച് 31-ന് 3 ലക്ഷം കോടി രൂപയുടെ 2,000 രൂപ നോട്ടുകൾ വിപണിയിലുണ്ടായിരുന്നതായാണ് കണക്ക്. ബാങ്കുകളിൽ നിന്നു ലഭ്യമായ വിവരമനുസരിച്ച് ജൂലായ് 31 വരെ 3.14 ലക്ഷം കോടി രൂപയുടെ 2,000 രൂപ നോട്ടുകൾ തിരിച്ചെത്തി. വെറും 0.42 ലക്ഷം കോടിയുടെ നോട്ടുകൾ മാത്രമാണ് ഇനി വിപണിയിൽ ശേഷിക്കുന്നത്.




പ്രധാന ബാങ്കുകളിൽ നിന്നുള്ള വിവരമനുസരിച്ച് 87 ശതമാനം നോട്ടുകളും അക്കൗണ്ടുകളിൽ നിക്ഷേപമായാണ് ലഭിച്ചിട്ടുള്ളത്. 13 ശതമാനം മാത്രമാണ് ചെറിയ തുകയക്കുള്ള നോട്ടുകളാക്കി മാറ്റി വാങ്ങിയത്. സെപ്റ്റംബർ വരെയാണ് 2,000 രൂപ നോട്ടുകൾ തിരിച്ചു നൽകാൻ സമയം നൽകിട്ടുള്ളത് ഇനി ഒരു മാസത്തെ. സമയം കൂടി ബാക്കിയുണ്ട്.

## സ്റ്റേറ്റ് ബാങ്കിന് ആദ്യ പാദത്തിൽ റിക്കോർഡ് ലാഭം




ഇന്ത്യയിലെ ഏറ്റവും വലിയ പൊതുമേഖലാ ബാങ്കായ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (എസ്ബിഐ) 2023-24 ഏപ്രിൽ ജൂൺ പാദത്തിലെ സാമ്പത്തിക ഫലങ്ങൾ റിപ്പോർട്ട് ചെയ്തു. ബാങ്ക് എക്കാലത്തെയും ഉയർന്ന ത്രൈമാസ ലാഭം 16,884 കോടി നേടി ചരിത്രം കുറിച്ചു. മുൻ വർഷം ഇതേ കാലയളവിലെ 6,068 കോടി രൂപയിൽ നിന്ന് ഗണ്യമായ കുതിപ്പ് കൈവരിച്ചു..

കിട്ടാക്കടം കുറഞ്ഞതും പലിശ വരുമാനം വർധിച്ചതുമാണ് ഈ ശ്രദ്ധേയമായ പ്രകടനത്തിന് കാരണം. ഏകീകൃത അടിസ്ഥാനത്തിൽ, എസ്ബിഐയുടെ അറ്റവരുമാനവും ഗണ്യമായ വളർച്ച കൈവരിച്ചു, ഒരു വർഷം മുമ്പുള്ള 7,325 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ രണ്ടിരട്ടിയിലധികം ഉയർന്ന് 18,537 കോടി രൂപയായി. എന്നിരുന്നാലും, മികച്ച ഫലങ്ങൾ ഉണ്ടായിരുന്നിട്ടും, ചില തുടർച്ചയായ സൂചകങ്ങൾ നാമമാത്രമായ തകർച്ച കാണിക്കുന്നതിനാൽ ബാങ്കിന്റെ ഓഹരികൾ ഏകദേശം 3 ശതമാനം ഇടിഞ്ഞു.

## മാധവ് നായർ ബി.ബി.കെ.ഇന്ത്യ മേധാവി



മാധവ് നായർ

ബാങ്ക് ഓഫ് ബഹ്റൈൻ ആൻഡ് കുവൈത്തിന്റെ (ബി. ബി.കെ.) ഇന്ത്യയിലെ കൺട്രി ഹെഡും സി.ഇ.ഒ.യുമായി മലയാളിയായ മാധവ് നായർ ചുമതലയേറ്റു. ദുബായ് ആസ്ഥാനമായുള്ള മഷ്റിഖ് ബാങ്കിന്റെ ഇന്ത്യാ മേധാവിയായി പ്രവർത്തിച്ചുവരി കയായിരുന്നു.

തിരുവനന്തപുരം സ്വദേശിയായ മാധവ്, മണിപ്പാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽനിന്ന് എൻജിനീയറിങ്ങിൽ ബിരുദം നേടിയ ശേഷമാണ് ബാങ്കിങ് രംഗത്തേക്ക് കടക്കുന്നത്. ഇന്ത്യൻ ബാങ്ക്സ് അസോസിയേഷൻ ഡെപ്യൂട്ടി ചെയർമാനും അസോച്ചമിന്റെ ദേശീയ ബാങ്കിങ് സമിതി കോ ചെ യർമാനുമാണ്.

ഇന്ത്യയിൽ മുംബൈ, ന്യൂഡൽഹി, ഹൈദരാബാദ് എന്നിവിടങ്ങളിൽ സാന്നിധ്യമുള്ള ബി.ബി.കെ.യ്ക്ക് ആലുവയിലും ശാഖയുണ്ട്.

# എസ് ബി ഐ പെൻഷനേഴ്സ അസോസിയേഷൻ കോട്ടയം യൂണിറ്റ് എക്സിക്യൂട്ടിവ് കമ്മറ്റിയുടെ യോഗം

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ 2023 ഓഗസ്റ്റ് മാസത്തിലെ ഭരണ സമിതി യോഗം 18–ാം തിയതി വെള്ളിയാഴ്ച്ച 10.45 മണിക്ക് ജില്ലാ പ്രസിഡന്റ് കെ. എൻ. വിശ്വനാഥൻ നായരുടെ അദ്ധ്യക്ഷതയിൽ നടത്തി. ഈശ്വര പ്രാർത്ഥനയ്ക്ക് ശേഷം വൈസ് പ്രസിഡന്റ് എം.പി. പുഷ്കരൻ സ്വാഗതം ആശംസിച്ചു.

റിപ്പോർട്ട് കാലയളവിൽ നിര്യാതരായ നമ്മുടെ അംഗം T. J. സഖറിയാസ്, പി. എസ്. സേതുവിന്റെ മാതാവ് K. M. ഹരിദാസി , ഷെറി എം പാറേട്ടിന്റെ മാതാവ് അമ്മിണി മാണി, ജോസമ്മ ജോസഫിന്റെ മാതാവ് മേരി ജോസഫ് എന്നിവരുടെ വേർപാടിൽ പെൻഷനേർസ് അസോസിയേഷൻ കോട്ടയം സെന്ററിന്റെ അനുശോചനം രേഖപ്പെടുത്തി. ഒരു മിനിട്ട് മൗനം ആചരിച്ചു. തുടർന്ന് പ്രസിഡന്റ്, കെ.എൻ.വിശ്വനാഥൻ നായർ, സംസാരിച്ചു. കഴിഞ്ഞ മാസം 31 നു നടന്ന ധർണ്ണ പ്രതീക്ഷയിൽ കവിഞ്ഞ വിജയം കൈവരിച്ചതിനു മെമ്പേഴ്സിനെയും അതിനു നേതൃത്വം കൊടുത്ത ഏരിയ ഭാരവാഹികളെയും അഭിനന്ദിച്ചു കൊണ്ടായിരുന്നു കെ.എൻ.വിശ്വനാഥൻ നായർ അദ്ധ്യക്ഷ പ്രസംഗം തുടങ്ങിയത്. ധർണ്ണയുടെ സമയ ക്രമത്തിൽ പൊടുന്നനെ വരുത്തേണ്ടി വന്ന സമയമാറ്റം ഉൾക്കൊണ്ട് മുൻകൂട്ടി തന്നെ വന്നെത്തി ധർണ്ണ സജീവമാക്കിയത് പ്രത്യേകം ചൂണ്ടിക്കാട്ടി.

ഓണാഘോഷവും ഇതേ ആവേശത്തോടെ കൊണ്ടാടണമെന്നും നമ്മൾ ഏറ്റെടുത്തു അടുത്ത വർഷം കോട്ടയത്തു വച്ചു നടത്തപ്പെടുന്ന വാർഷിക പൊതുയോഗം മുൻകൂട്ടി കണ്ടുകൊണ്ടു അതിലേക്കുള്ള റിഹേഴ്സൽ ആയി ഓണാഘോഷ പരിപാടികൾ കാണണം എന്നും അദ്ധ്യക്ഷ പ്രസംഗത്തിൽ അദ്ദേഹം അഭിപ്രായപ്പെട്ടു.

നമ്മുടെ ജില്ലാ ട്രഷറർ **സി.പി.മാത്യു** ഏറെ നാളത്തെ ഇടവേളയ്ക്കു ശേഷം ആരോഗ്യം വീണ്ടെടുത്തു പ്രസരിപ്പോടെ യോഗത്തിനെത്തിയതിൽ യോഗം സന്തോഷം പ്രകടിപ്പിച്ചു.

കഴിഞ്ഞ യോഗത്തിന്റെ മിനിട്ട്സ്/ റിപ്പോർട്ട് സെക്രട്ടറി പി.എം. ജേക്കബ്ബ്, യോഗസമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി. റിപ്പോർട്ട് 31/07/2023 ന്റെ ധർണ്ണയിൽ പങ്കെടുത്ത സഹോദര സംഘടനകളുടെ പേരു കൂടി ചേർക്കണം എന്ന ഭേദഗതിയോടെ യോഗം അംഗീകരിച്ചു. മാസ്സാന്ത്യ കണക്കുകൾ സി.പി.മാത്യു, ട്രഷറാർ യോഗസമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു. ജി.ഡി.സി.എസ്. വീത പലിശയായി Rs.75,000.00 നമ്മുടെ സൊസൈറ്റി അക്കൗണ്ടിൽ ലഭിച്ചതായി അറിയിച്ചു. ഈ തുക ആറു മാസത്തേക്ക് സ്ഥിര നിക്ഷേപം ആയി മാറ്റുവാൻ നിർദേശിച്ചു.



എക്സി.കമ്മറ്റിയിൽ റിപ്പോർട്ട് അവതരിപ്പിക്കുന്ന ജില്ലാ സെക്രട്ടറി പി.എം. ജേക്കബ്.

ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ഹെൻറി ജോൺ ഈ ക്വാർട്ടറിൽ നടക്കാൻ പോകുന്ന ഘടനാപരമായ യോഗം അടക്കം അസ്സോസിയേഷൻ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് സംസാരിച്ചു. റീജിയണൽ ബിസ്സിനസ് ഓഫീസിൽ സ്വാതന്ത്ര്യ ദിനത്തിൽ നടന്ന ആഘോഷങ്ങളിൽ നമ്മുടെ ഭാരവാഹികൾ പങ്കെടുത്തതിനെപ്പറ്റിയും പരാമർശിച്ചു. നമ്മുടെ നിരന്തരമായ അഭ്യർത്ഥന പരിഗണിച്ച് ഏരിയ ഓഫീസിലേക്ക് ഒരു എയർ കണ്ടീഷണർ വാങ്ങി നൽകാം എന്നു ഡെപ്യൂട്ടി ജനറൽ മാനേജർ സമ്മതിച്ചിട്ടുണ്ട് എന്ന സന്തോഷ വാർത്തയും പങ്കു വെച്ചു .



സജീവമായി ചർച്ചയിൽ പങ്കെടുക്കുന്ന ജില്ലാ എക്സി. കമ്മറ്റി അംഗങ്ങൾ.

ആശംസപ്രസംഗത്തിൽ അസി. ജനറൽ സെക്രട്ടറി രാജശേഖരൻ ധർണ്ണയിലെ പ്രാതിനിദ്ധ്യത്തിന് ജില്ലാ കമ്മിറ്റിയെ അഭിനന്ദിച്ചു. പങ്കെടുത്തവരിൽ ബഹുഭൂരിപക്ഷവും നമ്മുടെ അംഗങ്ങളായിരുന്നു എന്നു പറഞ്ഞു. കൂടാതെ "ആയിരം അംഗത്വം'' എന്ന "വെല്ലുവിളി" ' സഫലമാക്കുവാൻ കഠിനപ്രയത്നം ചെയ്യേണ്ടതിന്റെ ആശ്യകത അദ്ദേഹം ഓർമ്മിപ്പിച്ചു.

തുടർന്നു കോട്ടയം ഏരിയ 2 ഒഴികെയുള്ള എല്ലാ കമ്മിറ്റികളുടെയും റിപ്പോർട്ടിങ് നടന്നു. കാഞ്ഞിരപ്പള്ളി ഏരിയയിൽ നിന്നും ഇരുപതു പേരോളം ധർണ്ണയിൽ പങ്കെടുത്തു എന്നതും, പാലാ ഏരിയയിൽ ചുരുക്കം ചിലരൊഴികെ എല്ലാവരും തന്നെ നമ്മുടെ സംഘടനയിൽ അംഗങ്ങളാണ് എന്നുള്ളതും റിപ്പോർട്ടു ചെയ്തു.

റിട്ടയേറീസിനെ നേരത്തെ തന്നെ ഒരു ടീം ആയി നേരിട്ടു പോയി കണ്ടു സംഘടനയിലേക്ക് ക്ഷണിക്കുന്ന ഏറ്റുമാനൂർ ഏരിയ കമ്മിറ്റിയുടെ രീതിയും പ്രശംസിക്കപ്പെട്ടു. ചങ്ങനാശ്ശേരി ഏരിയയിൽ ജൂലൈ മാസത്തിൽ റിട്ടയർ ചെയ്ത 3 പേരുടേയും റിട്ടയർമെന്റ് മീറ്റിംഗിൽ

പങ്കെടുത്തതായും അവരെ സംഘടനയിലേക്ക് സ്വാഗതം ചെയ്തതായും റിപ്പോർട്ടു ചെയ്തു.. വൈക്കം ഏരിയയിൽ ഉള്ള നമ്മുടെ അംഗങ്ങൾക്ക് HRMS ൽ ലോഗിൻ ചെയ്യാൻ സാധിക്കാത്തവർക്ക് അതിനുള്ള സഹായം ചെയ്തു കൊടുക്കാമെന്ന് അറിയിച്ചു.

ഇനിയുള്ള റിപ്പോർട്ടിങ്ങുകളിൽ അബ്സെന്റീസിന്റെ ലിസ്റ്റ് കൂടെ ഉൾപ്പെടുത്തണം എന്ന നിർദേശം അംഗീകരിച്ചു.

ഈ വർഷത്തെ ഓണാഘോഷം സെപ്റ്റംബർ 16 നു നടത്താനും തീരുമാനമായി. ഇതിന്റെ നടത്തിപ്പിന് കോട്ടയം ഏരിയ I കൺവീനർ രമേശ് ബാബു ജനറൽ കൺവീനറും, കോട്ടയം ഏരിയ II കൺവീനർ V. R. ബാലകൃഷ്ണൻ നായർ, സ്റ്റേറ്റ് കമ്മിറ്റി അംഗം റെയ്സ ബീഗം എന്നിവർ കൺവീനർ മാരുമായി കമ്മിറ്റിയെ ചുമതല ഏല്പിക്കുവാൻ തീരുമാന മായി.

D.G.S ഹെൻറി ജോൺ, ജില്ലാ പ്രസിഡന്റ് വിശ്വനാഥൻ നായർ. K.N, A.G.S. കെ.. പീ. രാജശേഖരൻ, നമ്മുടെ സൊസൈറ്റിയുടെ പ്രസിഡന്റ് എം.ജി.രാഘവൻ, മാത്യു അടയ്ക്കാ മുണ്ടക്കൽ എന്നിവരെ രക്ഷാധികാരികളും ആയി നിർദേശിക്കപ്പെട്ടു.

റിസപ്ഷൻ, സ്റ്റേജ് & പ്രോഗ്രാം, ഫുഡ്, ഫിനാൻസ്, എന്റർടൈൻമെന്റ് എന്നീ സബ് കമ്മിറ്റികളും രൂപീകരിക്കു വാൻ തീരുമാനിച്ചു.

ജോയിന്റ് സെക്രട്ടറി രമേശ് ബാബു കൃതജ്ഞത രേഖപ്പെടു ത്തി. ഉച്ചക്ക് 1.15 ഓടെ യോഗം അവസാനിച്ചു.

## കൊല്ലം ജില്ലാ ഘടകത്തിന്റെ പൊതുയോഗം

2023 ഓഗസ്റ്റ് 8–ാം തിയതി ചൊവ്വാഴ്ച്ച വൈകിട്ട് 3.30 മുതൽ 5.30 വരെ കൊല്ലം ജില്ലാ ഘടകത്തിന്റെ ജനറൽ ബോഡി യോഗം നടന്നു.. അസിസ്റ്റന്റ് സെക്രട്ടറി യുസഫ് സ്വാഗത പ്രസംഗം നടത്തി.. പ്രസിഡന്റ് . ഗോപകുമാർ ആമുഖ പ്രസംഗം നടത്തി. 31/7/23 ന് കൊല്ലം പോസ്റ്റ് ഓഫീസിന് മുന്നിൽ രാവിലെ 10 മുതൽ 1 വരെ നടത്തിയ ധർണ വിജയിപ്പിച്ച എല്ലാവരെയും അനുമോദിച്ചു. പുതിയ അംഗങ്ങൾ മെഡിക്കൽ ഇൻഷ്വറൻസ് എടുക്കേണ്ട ആവശ്യകതയും വിവരിച്ചു.. മെഡിക്കൽ ഇൻഷുറൻസ്ന്റെ കാര്യങ്ങളെ പറ്റി വിശദീകരിച്ചു നമ്മുടെ മെമ്പർ ആയിരിക്കെ മരണപ്പെട്ട ജയദേവൻ .R. ( LM.9498) ന്റെ അകാല ചരമത്തിൽ അനുശോചനമറിയിച്ചു..



ജനറൽ ബോഡി യോഗത്തിൽ പങ്കെടുത്ത അംഗങ്ങൾ

പിന്നീട് നമ്മുടെ അംഗത്വമെടുത്ത ശേഷം ആദ്യമായി മീറ്റിംഗിൽ വന്നവർ സ്വയം പരിചയപെടുത്തി.....കഴിഞ്ഞ യോഗത്തിന്റെ മിനിട്ട്സ്/ പ്രവർത്തന റിപ്പോർട്ട് എന്നിവ സെക്രട്ടറി, പുരുഷോത്തമൻ പിള്ള യോഗ സമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു. ജൂലായ് മാസം പെൻഷൻ ആയ 9 പെർ അംഗങ്ങൾ ആയ വിവരം അറിയിച്ചു. ധർണയിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി അറിയിച്ചതോടൊപ്പം അതിനു നമ്മുടെ ഫണ്ടിൽ നിന്നും കൊടുത്ത തുകയുടെ കണക്കും അവതരിപ്പിച്ചു. നമ്മുടെ മീറ്റിങ്ങിന്ന് എല്ലാ സഹായവും നൽകുന്ന, ക്യാൻറീൻ താൽക്കാലിക ജീവനക്കാർക്ക് വരുന്ന ഓണത്തിന് ബോണസ് തുക ഫണ്ടിൽ നിന്നും കൊടുക്കാനും അംഗങ്ങൾ അനുമതി നൽകി. ഒപ്പം സെക്രട്ടറി എല്ലാവർക്കും ഓണാശംസകൾ നേരുകയും ചെയ്തു. മാസ്സാന്ത്യ കണക്കുകൾ ട്രഷറാർ ചന്ദ്രഭാനു യോഗസമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു.

തുടർന്ന് പ്രത്യേക ക്ഷണിതാവായി യോഗത്തിൽ പങ്കെടുത്ത ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ഗണപതി കൃഷ്ണൻ, അസി. ജനറൽ സെക്രട്ടറി രാമകൃഷ്ണ പിള്ള എന്നിവർ സംസാരിച്ചു. .
എക്സിക്യൂട്ടീവ് അംഗം ജോസ് കൃതജതത രേഖപ്പെടുത്തി. യോഗം 5 മണിക്ക് അവസാനിച്ചു.

## ഇടുക്കി ജില്ലാക്കമ്മറ്റിയുടെ യോഗവും ഓണസദ്യയും



24.08.2023 –ാം തിയതി എസ് ബി ഐ പെൻഷനേഴ്സ അസോസിയേഷൻ ഇടുക്കി ഇല്ലാ കമ്മറ്റിയുടെ ഓണാഘോഷങ്ങളും ഓണ സദ്യയും വിപുലമായി നടത്തപ്പെട്ടു.



ജില്ലാ പ്രസിഡന്റ് ടി. ജി. പ്രഭാകരൻ



ഓണസദ്യ

# പെൻഷൻകാരുടെ സമ്മേളനവും ഓണസദ്യയും

തൊടുപുഴ ആര്.ബി.ഒ. യിൽ ആഗസ്റ്റ് 25 – ാം തീയതി വെള്ളിയാഴ്ച്ച നടത്തിയ എസ്.ബി.ഐ.പെൻഷൻകാരുടെ സമ്മേളനം റീജണൽ മാനേജര് ഉദ്ഘാടനം ചെയ്തു. പെന്ഷന്കാർക്കായി വിഭവ സമൃദ്ധമായ ഓണസദ്യയും നല്കി. ഹൃദ്യമായ സ്വീകരണം ഹൃദ്യമായ പരിഗണന സ്നേഹ വിരുന്ന് എല്ലാം കൊണ്ടും സമ്മേളനം ആകർഷകമായി.





എസ്.ബി.ഐ.പെൻഷൻകാരുടെ സമ്മേളനം റീജണൽ മാനേജർ അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുന്നു

# എറണാകുളം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ അഡ്മിനിസ്ട്രേറ്റീവ് ഓഫീസിൽ ഓണാഘോഷം

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എറണാകുളം അഡ്മിനിസ്ട്രേറ്റീവ് ഓഫീസിൽ ഇന്ന്, 24-08-2023ൽ നടന്ന ഓണാഘോഷ പരിപാടികളിൽ SBIPAK എറണാകുളം ടീം സജീവമായി പങ്കെടുത്തു.



എറണാകുളം ടീമിന്റെ സമൂഹഗാനം





ഇന്ന് രാവിലെ അസോസിയേഷൻ ഓഫീസിൽ വച്ചു നടന്ന റിഹേഴ്സൽ ക്യാമ്പും, SBI അഡ്മിനിസ്ട്രേറ്റീവ് ഓഫീസിലെ ഓണാഘോഷത്തിന്റെയും ദൃശ്യങ്ങൾ.



# കൊല്ലം ഓണാഘോഷത്തിന്റെ ദൃശ്യങ്ങൾ



ഓണസദ്യയിൽ പങ്കെടുക്കുന്ന പ്രവർത്തകർ



സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കൊല്ലം ഓഫീസിൽ 24-08-2023 ന് നടന്ന ഓണാഘോഷ പരിപാടികളിൽ SBIPAK കൊല്ലം ടീം, അസിസ്റ്റന്റ് ജനറൽ മാനേജർ റോഷനൊപ്പം സജീവമായി പങ്കെടുത്തു.

# പാലായിൽ ഓണം എൻ.ആർ.ഐ.മീറ്റ്




പാലായിൽ പാലാ റീജിയൺ നടത്തിയ ഓണം എൻ.ആർ.ഐ.മീറ്റ് ഡോ.ജെറി ജോസ് മേനാമ്പറമ്പിൽ ഉദ്ഘാടനം ചെയ്യുന്നു .

# കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215 ന്റെ ഭരണ സമിതി യോഗം

കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215 ന്റെ ഭരണ സമിതി യോഗം ഓഗസ്റ്റ് മാസം 11 – ാം തീയതി വെള്ളിയാഴ്ച്ച പ്രസിഡന്റ് എം.ജി. രാഘവന്റെ അദ്ധ്യക്ഷതയിൽ നടത്തി. താഴെ കൊടുത്തിരിക്കുന്ന ഭരണ സമിതി അംഗങ്ങൾ പങ്കെടുത്തു.

1. എം.ജി.രാഘവൻ
2. എൻ.സി.മാത്യു
3. റൈസാ ബീഗം
4. .പി.എം. ജേക്കബ്ബ്
5. ആച്ചിയമ്മ എബ്രഹാം
6. എ.എൻ.രാജൻ
7. തോമസ് ഫിലിപ്പ്
8. സിറിൽ ജോസ്.റ്റി.
9. ത്രേസ്യാമ്മാ ആന്റണി (ഓൺലൈൻ)
10. ഗോപകുമാർ. എൻ

അത്യാവശ്യ തീരുമാനങ്ങളെടുക്കുകയും ജി.ഡി.സി.എസ്. നറുക്കെടുപ്പ് നടത്തുകയും ചെയ്തു.



പ്രസിഡന്റ് എം.ജി.രാഘവൻ അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുന്നു

ഭരണ സമിതി അംഗം റൈസാ ബീഗം സ്വാഗതം ആശംസിച്ചു. ജോയിന്റ്. സെക്രട്ടറി സിറിൽ ജോസ്. റ്റി. കഴിഞ്ഞ മാസത്തിലെ ഭരണ സമിതി യോഗത്തിന്റെ മിനിട്സ്, യോഗത്തിൽ അവതരിപ്പിച്ചു. ചർച്ച നടത്തി അംഗീകരിച്ചു. ഭരണ സമിതി അംഗം .പി.എം. ജേക്കബ്ബ്, ഓഫീസ് അസിസ്റ്റന്റ് നിഷാ. ബി.നായർ എന്നിവർ കണക്കുകൾ വിശദമായി യോഗത്തിൽ അവതരിപ്പിച്ചു. ചർച്ച നടത്തി അംഗീകരിച്ചു.

## അംഗത്വത്തിനുള്ള അപേക്ഷകൾ

### എ ക്ലാസ്സ്

2 എ ക്ലാസ്സ് അംഗത്വത്തിനുള്ള അപേക്ഷകൾ പരിഗണിച്ചതിൽ 2നും അപേക്ഷിച്ച ഓഹരികൾ അനുവദിക്കുന്നതിനും "എ" ക്ലാസ്സ് അംഗത്വം നല്കുന്നതിനും തീരുമാനിച്ചു.

### പുതിയ അംഗങ്ങൾ

1. ജയകുമാർ. എം.പി.
2. റ്റി. കെ. സുരേഷ്

.

## കൂടുതൽ ഓഹരികൾക്കുള്ള അപേക്ഷകൾ

എ ക്ലാസ്സ് അംഗങ്ങളായ ഇനി പറയുന്ന രണ്ട് പേർ സമർപ്പിച്ച അപേക്ഷകൾ പരിഗണിച്ച് അംഗങ്ങൾക്ക് അവർ അപേക്ഷിച്ച ഓഹരികൾ അനുവദിച്ച് തീരമാനമായി.

1. റ്റി. കെ. സുരേഷ്
2. ആച്ചിയമ്മ എബ്രഹാം

### സി ക്ലാസ്സ്

കൂടാതെ ഇനിപ്പറയുന്ന 4 പേർക്ക് സി ക്ലാസ്സ് അംഗത്വവും അനുവദിച്ചു.

1. ജിതിൻ ജേക്കബ്ബ്
2. അന്നാമ്മ മാണി
3. പൊന്നമ്മ ജയകുമാർ
4. റോസിലി തോമസ്

**നവാഗതർക്ക് സ്വാഗതം!**

## ജി.ഡി.സി.എസ് കുറികൾ നറുക്കെടുപ്പ്

2023 ആഗസ്റ്റ് മാസത്തിലെ ജി.ഡി.സി.എസ്. നറുക്കെടുപ്പ് 11.08.2023 വെള്ളിയാഴ്ച്ച നടത്തി.. താഴെപ്പറയുന്നവർ നറുക്കെടുപ്പിൽ വിജയികളായി. വിജയികൾക്ക് നറുക്ക് വീണതിൻ പ്രകാരമുള്ള തുക സെപ്റ്റംബർ മാസം 8–ാം തിയതി വെള്ളിയാഴ്ച്ച കൊടുക്കുവാൻ തീരുമാനിച്ചു. ഭരണ സമിതി യോഗവും അന്നേ ദിവസം നടത്തുവാൻ തീരുമാനിച്ചു. അതിനായുള്ള അപേക്ഷയും കരാർ, രസീത് എന്നിവയും ഓഫീസിൽ നിന്ന് അയച്ചു തരുന്നതാണ്. ആയത് പൂരിപ്പിച്ച് ഒപ്പിട്ട് 7–ാം തിയതിയ്ക്ക് മുൻപായി എത്തിച്ചു തരണം.

**ഇത്തവണത്തെ വിജയികൾ:-**

| ജി.ഡി.സി.എസ് നം. | പേര് |
|---|---|
| 11. | ഉഷ പ്രസാദ് നായർ |
| 12. | എൽസി ടോമി |
| 13. | കൊച്ചുറാണി മാത്യു |
| 14. | വൽസാ രാജൻ |
| 15. | ജേക്കബ് വർഗീസ് |
| 16. | കുമാരൻ.കെ.പി. |
| 17. | മോളി ജോസഫ് |

## 17-ാമത്തെ 100,000 രൂപയുടെ ജി.ഡി.സി.എസ് കുറി ആരംഭിക്കുന്നു

100000 രൂപ സല വരുന്ന 40 മാസം കൊണ്ട് തീരുന്ന പുതിയ ജി.ഡി.സി.എസ് കുറി ആരംഭിക്കുന്നു. കുറച്ച് പേർക്ക് കൂടി ചേരുവാൻ അവസരമുണ്ട്. ജി.ഡി.സി.എസിൽ ചേരാൻ സ്വയം മുന്നോട്ട് വന്ന് ഓഫീസ് സെക്രട്ടറിയുമായി ബന്ധപ്പെട്ട് അപേക്ഷയും സ്റ്റാന്റിങ്ങ് ഇൻസ്ട്രക്ഷനും തന്ന് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## . 18-ാമത്തെ 100,000 രൂപയുടെ ജി.ഡി.സി.എസ് കുറി ആരംഭിക്കുന്നു

100000 രൂപ സല വരുന്ന 25 മാസം കൊണ്ട് തീരുന്ന പുതിയ ജി.ഡി.സി.എസ് കുറി ആരംഭിക്കുന്നു. അപേക്ഷയും സ്റ്റാന്റിങ്ങ് ഇൻസ്ട്രക്ഷനും തന്ന് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## വാർഷിക പൊതുയോഗം 16.9.2023ന്

**കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215 ന്റെ വാർഷിക പൊതുയോഗം 16.9.2023ന് 2 മണി മുതൽ നടക്കും**

# യുകെ ട്രാവൽ ഡയറി

**തുടരുന്നു**

**ഭാഗം 3**

**(മുൻ ലക്കത്തിൽ നിന്നും തുടർച്ച.......)**



**മാത്യു അടക്കാമുണ്ടക്കൽ**

പ്രിയപ്പെട്ട **എം ജി ആർ**
**കഴിഞ്ഞ കത്തിൽ** ചെസ്റ്ററിലേയ്ക്ക് **പോകാൻ ഞങ്ങൾ** തയ്യാറെടുക്കുകയായിരുന്നു **എന്ന്** പറഞ്ഞിരുന്നല്ലോ! **മെയ് ഒന്നിന് രാവിലെ 7 മണിക്ക് തന്നെ** ക്രോയിഡണിൽ **നിന്ന് യാത്ര** പുറപ്പെട്ടു **നല്ല തെളിഞ്ഞ** കാലാവസ്ഥ. എങ്കിലും **ചെറിയ തോതിൽ തണുപ്പ്** അനുഭവപ്പെട്ടു. ഇടയ്ക്കിട **നേരിയ ചാറ്റൽ മഴയും. .നമ്മുടെ** നാട്ടിലെപോലെ **ഒരുതുള്ളിയ്ക്ക് ഒരുകുടം എന്ന്**പറയുന്നതുപോലെയുള്ള **മഴ ഇവിടെ** കാണാറില്ല . **ടെസ്‌ല കാറിൽ** ആയിരുന്നു **സഞ്ചാരം. ഏകദേശം 250 മൈൽ ദുരമുണ്ട് നാല്** മണിക്കൂർ നാൽപ്പത്തിഏഴ് മിനിറ്റ് എടുക്കുമെന്ന് നാവിഗേഷൻ **മാപ്പ്** കാണിച്ചു. **ഏറ്റവും നൂതന** നാവിഗേഷൻ **സംവിധാനമാണ് ടെസ്‌ല** കാറിലുള്ളത്. **പ്രകൃതി ഭംഗി** വേണ്ടുവോളും ആസ്വദിക്കാൻ **സാധിക്കുമായിരുന്നു.**

**ചരിത്ര** പ്രസിദ്ധമായ സ്ഥലങ്ങളിലൂടെ **ഞങ്ങൾ കടന്നു പോയി.** ഓക്സ്ഫോർഡ് **നഗരം അതിന്റെ അഭിമാനമായ സർവ്വ**കലാശാല തിടുക്കത്തിലുള്ള **യാത്ര മദ്ധ്യേ** സന്ദർശിക്കാൻ സാധിച്ചില്ല. പിന്നെയും വടക്കോട്ടുള്ള **യാത്ര** തുടരുമ്പോൾ വ്യാവസായിക പൈതൃകത്തിനും **സംസ്കാര** വൈവിധ്യത്തിനും പേരുകേട്ട യുക്കെയിലെ രണ്ടാമത്തെ **വലിയ നഗരമായ ബിർമിംഗ്ന്റെ ഓരം ചേർന്ന് ഞങ്ങൾ കടന്ന് പോയി.**



**ക്രോയിഡൺ -സോൾട്ടണി യാത്രയിലെ ദൃശ്യങ്ങൾ**

യുക്കെ.യുടെ ഉൾപ്രദേശത്തുകൂടി കടന്നപ്പോൾ മനോഹരമായ ഭൂപ്രകൃതി **നമ്മുടെ മുൻപിൽ** പ്രത്യക്ഷപ്പെട്ടു. ഹരിതാഭമായ **വയലുകൾ ഗ്രാമ** പ്രദേശങ്ങളി**ലുടനീളം** വ്യാപിച്ചു കിടക്കുന്നു മനോഹരമായ കൃഷിയിടങ്ങൾ ചെമ്മരിയാടുകളുടെ **വലിയ** കൂട്ടങ്ങൾ തണുപ്പും **മഴയും കാറ്റും** അതുങ്ങളെ അലസര**പ്പെടുത്തുന്നില്ല.** പശുക്കളുടെ **വലിയ** ഫാർമകളും ഇടയ്ക്ക് **കാണാം. എല്ലാ കാർഷിക** വൃത്തി**കളും** യന്ത്രവൽക്കരിച്ചിരിക്കുന്നു. **നമ്മുടെ നാട് വിവിധ കാർഷിക വിളകളാൽ** അനുഗ്രഹീതമായതുപോലെ **ഒന്നും ഇവിടെ ഇല്ല. ഗോതമ്പ്, ബാർലി ഷുഗർ ബിറ്റ്, പാലും പാൽ** ഉൽപ്പന്നങ്ങൾ **വിവിധ ഇനം ഇറച്ചി** ഉൽപ്പന്നങ്ങൾ , **പിന്നെ ആപ്പിൾ ചെറികൾ എന്നി പഴ** വർഗ്ഗങ്ങൾ എന്നിവയാണ് പ്രധാനമായും ഉൽപാദിക്കുന്നത്.



**സോൾട്ടണി യാത്രയിലെ പ്രകൃതിമനോഹരമായ ദൃശ്യങ്ങൾ**

**ആഭ്യന്തര** ആവശ്യത്തി**ന്റെ ഏകദേശം 54%** ഇവിടെത്തന്നെ ഉല്പാദിപ്പിക്ക**ുന്നു. 46%** ഇറക്കുമതി ചെയ്യുന്നു . രാജ്യത്തി**ന്റെ കര** ഭൂമിയുടെ **70%, അതായത് 17.2 മില്യൺ ഹെക്ടർ സ്ഥലം കൃഷിയും മറ്റ്** ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു **അതിൽ 36% മാത്രമാണ്** ധാന്യവിളവുകൾക്ക് യോഗ്യമായത്. **ബാക്കി** വരുന്നത് **വനം , പുൽ മേടുകൾ** മൃഗങ്ങൾക്ക് മേയാനുള്ളത് എന്നിവയാണ് . **ഏകദേശം 476,,000** ആളുകൾ **കൃഷിയെ** ആശ്രയിച്ചു ജീവിക്കുന്നു



യാത്ര വേളയിൽ അല്പം വിശ്രമം

എം 40,എം 6 എന്നി മോട്ടോർ വേകൾ ഈ മനോഹര ഭുപ്രദേശത്തെ വെട്ടിമുറിച്ചു കടന്ന് പോകുന്നു. മുട്ടകുന്നുകളുടെയും താഴ്‌വരകളിലൂടെയും ഇടയിലൂടെ ഞങ്ങളുടെ വാഹനം 70 മൈൽ സ്പീഡിൽ നീങ്ങികൊണ്ടിരുന്നപ്പോഴും പ്രകൃതി ഭംഗി ആസ്വദിച്ചുകൊണ്ടിരുന്നു.



അമലിന്റെ വീടിന്റെ മുൻപിൽ

മോട്ടോർ വേയുടെ സൈഡുകളിൽ സർവിസ് സ്റ്റേഷൻ കാണാം പ്രമുഖ കമ്പനികളായ വെൽക്കം ബ്രേക്ക്, മോട്ടോ ,റോഡ് ചെഫ് എന്നിവരുടെ റെഫ്രഷ്മെന്റ് കേന്ദ്രങ്ങൾ പെട്രോൾ പമ്പുകൾ റസ്റ്റ് റൂമുകൾ, ഇലക്ട്രിക്ക് ചാർജിങ് സ്റ്റേഷൻ എന്നിവയുണ്ട്. അങ്ങനെ മൂന്ന് മണിക്കൂർ യാത്ര കഴിഞ്ഞപ്പോൾ ഞങ്ങൾ സ്റ്റാഫ്ഫോഡിൽ എത്തി അല്പം ബ്രേക്ക് എടുക്കാൻ തീരുമാനിച്ചു ടെസ്ല ചാർജ് ചെയ്യാനുമുണ്ടായിരുന്നു. അരമണിക്കൂർ വിശ്രമിച്ചശേഷം യാത്ര തുടർന്നു ഇനി രണ്ട് മണിക്കൂർ വേണ്ടിവരും ലക്ഷ്യ സ്ഥാനമായ സോൾട്ടിണിയിൽ എത്താൻ



അമലിന്റെ അയൽപക്കം

# വെയിൽസ്

ഇനി വെയില്സിനെപ്പറ്റി പ്രതിപാദിക്കാം. യുണൈറ്റഡ് കിങ്ഡത്തിലെ ഒരു രാജ്യമാണ് വേൽസ്. വേൽഷ് അഥവാ കെംറി എന്നും യുക്കെയിലെ ഈ രാജ്യത്തിനെ വിളിക്കും അതിശയകരമായ പ്രകൃതി ദൃശ്യങ്ങൾക്കും സമ്പന്നമായ ചരിത്രത്തിനും തനിമയാർന്ന സംസ്കാരത്തിനും പേരുകേട്ട രാജ്യമാണ് ഇത്. കിഴക്കേ അതിർത്തിയിൽ ഇംഗ്ലണ്ടും, വടക്കും പടിഞ്ഞാറും ഐറിഷ് കടലും സെൽറ്റിക് തെക്ക് പടിഞ്ഞാറും ബ്രിസ്റ്റോൾ ചാനൽ തെക്കും ആണ്,



വേയിൽസിലെ കോൺവി നദിക്കരയിലെ കോൺവി കോട്ട

ഇവിടെ ഇംഗ്ലീഷാണ് പരക്കെ സംസാരിക്കപ്പെടുന്നതെങ്കിലും വേൽസിനു തനതായ ഒരു ഭാഷയുണ്ട്. അതിനെ വെൽഷ് എന്ന് പറയുന്നു. വെൽഷ് ജനത ഒരു കെൽറ്റിക് വംശമാണ്. അഞ്ചാം നൂറ്റാണ്ടിൽ ബ്രിട്ടണിൽ റോമൻ അധീശത്വം അവസാനിച്ചതോടെയാണ് വേൽസ് ഒരു രാജ്യമായി ഉരുത്തിരിഞ്ഞു വന്നത്. പതിനഞ്ചാം നൂറ്റാണ്ട് മുതൽ വേൽസ് ഇംഗ്ലണ്ടിന്റെ അധീനതയിലാണ്. വിശ്രുതി 8023 സ്ക്വ. മൈൽ .2700 കിലോമീറ്റർ തീരദേശം പാറക്കെട്ടുകളാലും മനോഹരമായ ബീച്ചുകളാലും അലങ്കരിച്ചിരിക്കുന്നു.ബാക്കി ഭുപ്രദേശം കുന്നുകളും പർവ്വതങ്ങളും ചേർന്നതാണ്.ഏറ്റവും ഉയരംകൂടിയ കൊടുമുടി സ്നോഡൻ.( 3560 അടി ) വടക്ക് തെക്ക് ദുരം 270 km മൊത്തം ജനസംഖ്യ 32 ലക്ഷം അതിൽ 94% വെള്ളക്കാരാണ്. പിന്നെയുള്ളത് ഏഷ്യയിൽ നിന്നുള്ളവരാണ് 2.9% മാത്രം തലസ്ഥാന നഗരം കാർഡിഫ് .ഇനി ഞങ്ങളുടെ താമസ സ്ഥലമായ സോൾട്ടിനിയെ പ്പറ്റി പറഞ്ഞു തുടങ്ങാം

## സോൾട്ടിനി

ഫ്ലിന്റ് ഷെയർ കൗണ്ടിയിലെ ഒരു ചെറിയ പ്രദേശമാണ് സോൾട്ടിനി. ഡി നദിയുടെ തീരത്തു സ്ഥിതി ചെയ്യുന്നു. ഇംഗ്ലണ്ട്മായി അതിർത്തി പങ്കിടുന്നു. ചരിത്ര നഗരമായ ചെസ്റ്ററുമായുള്ള സാമീപ്യം വ്യപാര വ്യവസായ, സംസ്കരിക കേന്ദ്രമെന്ന നിലയിൽ അതിന്റെ പ്രാധാന്യത്തിന് കാരണമായി. 2011 ലെ സെൻസസ് പ്രകാരം പട്ടണത്തിലെ ജനസംഖ്യ 5,132 ആയിരുന്നു, ചരിത്ര നഗരമായ ചെസ്റ്ററിൽ നിന്നും 2 മൈൽ അകലെയാണ്. വെയിൽസിലെ സോൾട്നി ചെസ്റ്റർ ഇംഗ്ലണ്ടിന്റെ ഭാഗമാണ് എന്നാൽ വെയിൽസ്ന്റെ ബൗണ്ടറി ലൈൻ സോൾട്നിയിലൂടെ ആണ് കടന്ന് പോകുന്നത്. നമുക്ക് അറിയാവുന്നതു പോലെ യുകെ നാല് രാജ്യങ്ങൾ കൂടിയതാണ്. ഇംഗ്ലണ്ട്, നോർത്തേൺ അയർലണ്ട് , സ്കോട്ട്ലൻഡ്, വെയിൽസ്.

ഒരുകാലത്തു ഡി നദി തീരത്തു കപ്പൽ നിർമാണവും അതോട്അനുബന്ധിച്ചു ആങ്കറും ചങ്ങലയും ഉണ്ടാക്കുന്ന വർക് ഷോപ്പുകളും ഉണ്ടായിരുന്നതിന്റെ തെളിവുകൾ ധരാളം ഉണ്ട്



സോൾട്നി ഹൈ സ്റ്റ്രീറ്റ്

സോൾട്ടിനയുടെ ശ്രദ്ധേയമായ സവിശേഷകളിലൊന്ന് എയർ ബസ് ഫാക്ടറിയാണ് 8000 പേരോളും ഇവിടെ ജോലി ചെയ്യുന്നു വിമാനത്തിന്റെ ചിറകുകളാണ് നിർമിക്കുന്നത്. എല്ലാ ദിവസവും രണ്ടു തവണ ബെലൂഗ ചിറകും വഹിച്ചു കൊണ്ട് ഫ്രാൻസിലെ ഫാക്ടറിയെലേയ്ക്ക് പറന്ന് പൊങ്ങുന്നത് വിസ്മയകരമായ കാഴ്ചയാണ്.




ഇത് കൂടാതെ ഒരു ഫ്ലയിങ് ക്ലബ് പ്രവർത്തിക്കുന്നു, ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്ന അനവധി സൂപ്പർമാർക്കറ്റുകൾ പ്രവർത്തിക്കുന്നു അതിൽ പ്രമുഖരാണ് ആസ്ഡ, ആൽഡി മോറിസൺസ് എന്നിവർ.

സ്റ്റാഫ്ഫോഡിൽ എത്തി വിശ്രമിച്ച ശേഷം ഞങ്ങളുടെ യാത്ര തുടർന്നു. ഉദ്ദേശം 12.30 മണിക്ക് അമൽ താമസിക്കുന്ന സോൾട്ടണിയിൽ എത്തി . അന്ന് വിശ്രമിക്കാൻ തീരുമാനിച്ചു . പിറ്റെ ദിവസത്തെ പോകേണ്ട സ്ഥലങ്ങളുടെ ഒരു ഷെഡ്യൂൾ അമൽ തയ്യാറാക്കി. രാവിലെ തന്നെ യാത്ര ആരംഭിക്കാൻ തീരുമാനിച്ചു .
ഇനി വെയിൽസിലൂടെയുള്ള വിശേഷണങ്ങളുമായി അടുത്ത ദിവസം ...

( തുടരും....)

# ശ്വാസവും വിശ്വാസവും

### സുഭാഷ് ചന്ദ്രൻ

**അപരാ പ്രകൃതിയിൽ മദിച്ച മർത്ത്യൻ**
**മദിരാമദിരാക്ഷിയും കലർന്നു**
**ശിശുപാലകരായ് വളർന്നു വന്നാൽ**
**കാണുന്നൂ അപഭ്രംശമായിയെല്ലാം.**

**വിനയാന്വിതരായി ഭക്ത്യാ ചൊല്ലൂ**
**ശരണം വിഘ്നവിനാശകന്റെ മുന്നിൽ**
**നാവിൽ സദ്ഗുണ വാക്കുകൾ വിരിയാൻ**
**ഫലമോ തിരിയും വിശ്വവിത്തിൻ പ്രഭാവം**

**കേൾക്കൂ സുപ്രജയായ് വളരാൻ**
**ശ്വാസത്തിൽ നിലനില്ക്കുമീ പ്രപഞ്ചം**
**ഒരുവേള ഗണേശനേ സ്മരിക്കൂ**
**അകലട്ടേ, നിന്നുടെ മാർഗ വിഘ്നമെല്ലാം**

**കളയരുതേ കാലം, വ്യർത്ഥ ചിന്തയാലേ**
**നേടൂ അഭയം പരമാർത്ഥ ചിന്തയാലേ**
**പ്രതിഭാസത്തിലൊളിഞ്ഞിരിക്കും,**
**വ്യവഹാരം പരിഹാരമല്ല ഉന്നതിയ്ക്കും.**

# നർമ്മ വീഥി










*Sir, we found unaccounted tomatoes, in his house.*

# കൗതുക വാർത്തകൾ

## കെ.എസ്.സി.ബി. കാടുകൾ








**കെ.എസ്.സി.ബി.വളർത്തുന്ന കാടുകൾ!**



**കർഷകൻ വളർത്തിയ കാട്!!**

**ഷോക്കേറ്റ കർഷകൻ!!!**

# മഹാത്മാ അയ്യങ്കാളി



**126 വർഷങ്ങൾക്ക് മുമ്പ്, 'അയിത്തജാതി' പുലയ ജാതിയിൽ നിന്നുള്ള 30 വയസ്സുള്ള ഒരാൾ പഴയ തിരുവിതാംകൂറിലെ രാജവീഥികളിലൂടെ 'വില്ലുവണ്ടി' ഓടിച്ചു കയറി കേരളത്തിലെ സാമൂഹിക നവീകരണ ചരിത്രത്തിലേക്ക് കടന്നുവന്നു. ഓഗസ്റ്റ് 28 ആ ധീര സാമൂഹിക പ്രവർത്തകന്റെ 156-ാം ജന്മദിനം... അറിയുന്തോറും ആദരവ് കൂടിവരുന്ന പ്രതിഭാസമാണ് മഹാത്മ അയ്യൻകാളി.**

**ഇന്ത്യയിലെ പ്രമുഖ സാമൂഹ്യപരിഷ്കർത്താവും നിയമനിർമ്മാതാവും വിപ്ലവകാരിയുമായ മഹാത്മാ അയ്യൻകാളി (ജീവിതകാലം: 28 ഓഗസ്റ്റ് 1863 - 18 ജൂൺ 1941) കേരളത്തിൽ നിലനിന്നിരുന്ന ജാതീയമായ അസമത്വങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ പ്രവർത്തിച്ച് ദളിത് വിഭാഗങ്ങളുടെ വിമോചനത്തിനായി പോരാടിയ കേരള നവോത്ഥാന**

നായകരിൽ പ്രമുഖനാണ്. സമൂഹത്തിൽ നിന്നു ബഹിഷ്ക രിക്കപ്പെട്ടിരുന്ന ജനവിഭാഗങ്ങളുടെ മനുഷ്യാവകാശങ്ങൾ സ്ഥാപിച്ചെടുക്കുന്നതിനു വേണ്ടിയാണ് അയ്യൻകാളി പോരാ ടിയത്. പുലയസമുദായാംഗമായിരുന്ന അദ്ദേഹം സംഘാടന വും ശക്തിപ്രകടനവും വഴി സഞ്ചാരസ്വാതന്ത്ര്യം അനുവദി പ്പിച്ച് ശ്രദ്ധേയനായി. 1907-ൽ സാധുജന പരിപാലന യോഗം രൂപവത്കരിച്ച അദ്ദേഹത്തിന്റെ ഇടപെടൽ കേരള സമൂഹത്തിൽ വലിയ മാറ്റങ്ങൾക്ക് വഴിവെച്ചു. ഒരു പക്ഷേ സവർണ്ണർക്കെതിരെ പട നയിച്ചതു കൊണ്ടാവാം ചരിത്രം പോലും ആ മഹാത്മാവിന് വേണ്ടത്ര പരിഗണന കൊടുക്കാതിരുന്നത് .

ഇന്ന് അവിശ്വസനീയമായി തോന്നിയേക്കാവുന്ന വിപ്ലവകരമായ ഇടപെടലുകളിലൂടെ കേരളീയ സമൂഹത്തെ അടിമുടി മാറ്റിമറിച്ച മറ്റൊരു സാമൂഹ്യ പരിഷ്ക്കർത്താവിനെ എടുത്തു കാട്ടുവാൻ ഇല്ലെന്ന് നിസ്സംശയം പറയാം.

1941 ജൂൺ 18 –ാം തിയതി ബുധനാഴ്ച അദ്ദേഹം ചരമഗതി പ്രാപിച്ചു. കാലയവനികക്കുള്ളിൽ അദ്ദേഹം മറയുമ്പോൾ അധ:സ്ഥിതർക്കും കേരള സമൂഹത്തിനും വളരെ കാര്യങ്ങൾ അദ്ദേഹത്തിനു് ചെയ്യാൻ കഴിഞ്ഞിരുന്നു. കേരള നവോത്ഥാന നായകരുടെ മുൻഗാമിയാണ് അയ്യൻകാളി.




# വായനക്കാർ എഴുതുന്നു




സർ,

ഓയാസിസ് ജൂലൈ ലക്കത്തിൽ കൊടുത്തിരിക്കുന്ന വിരമിച്ചവരുടെ ലിസ്റ്റിൽ നമ്പർ 10 ഉം 26 ഉം ഒരേ ആളാണ്. അതുകൊണ്ട് മൊത്തം വിരമിച്ചവർ 116 ആണ്

രാധാകൃഷ്ണൻ,
ജില്ലാ സെക്രട്ടറി
തിരുവനന്തപുരം

# ഓണാഘോഷവും കുടുംബസംഗമവും

## എറണാകുളം

**സെപ്റ്റംബർ 8 വെള്ളിയാഴ്ച**
**ടൗൺ ഹാൾ എറണാകുളം**

**സമയം: രാവിലെ 10 മുതൽ വൈകിട്ട് 4 വരെ**

**ഹൈലൈറ്റുകൾ**

1. മാവേലിയുടെ അനുഗ്രഹം
2. പൂക്കളം
3. വെറൈറ്റി വിനോദങ്ങൾ
4. മലയാളി മങ്ക & പുരുഷ കേസരി മത്സരങ്ങൾ
5. ഭാഗ്യ പങ്കാളി
6. നിലവിലെ വർഷം (2023) ൽ 75+ തികഞ്ഞവരെ ബഹുമാനിക്കുന്നു
7. എല്ലാ കുടുംബത്തെയും ബഹുമാനിക്കുന്നു പെൻഷനർ അംഗങ്ങൾ
8. 20-9-2022 ന് ശേഷം പുതിയായി ചേർന്ന അംഗങ്ങളെ അവതരിപ്പിക്കുന്നു
9. ഓണാസദ്യ

മഹത്തായ ഓണം മേളയിൽ വന്നു ചേരൂ
ടീം എറണാകുളം




## ഏറ്റവും മികച്ച ജൈവകർഷകൻ.



ജോൺ പി.വർഗീസ്

**കോട്ടയം ജില്ലാ ഘടകത്തിന്റെ അംഗം വിജയപുരം പഞ്ചായത്തിലെ ഏറ്റവും മികച്ച ജൈവകർഷകനായി തിരഞ്ഞെടുക്കപ്പെട്ട ജോൺ പി.വർഗീസ് പുത്തൻപുരയ്ക്കലിന് എസ്.ബി.ഐ. പെൻഷനേർസ് അസോസിയേഷന്റെ അഭിനന്ദനങ്ങൾ.**

# ഇന്ത്യൻ ബഹിരാകാശചരിത്രത്തിൽ പുതിയ അധ്യായം രചിച്ച് ചന്ദ്രയാൻ 3



**ചന്ദ്രനെ തൊട്ട് ഇന്ത്യ; ചന്ദ്രയാൻ-3 ലാൻഡിംഗ് വിജയകരംചന്ദ്രന്റെ ദക്ഷിണ ധ്രുവത്തിലാണ് ലോകത്തെ സാക്ഷിയാക്കി ചന്ദ്രയാൻ 3 സോഫ്റ്റ് ലാൻഡിംഗ് വിജയകരമായി പൂര്ത്തിയാക്കിയത്. ചന്ദ്രയാൻ-3 ദൗത്യം ലോകമെമ്പാടുമുള്ള ശാസ്ത്രജ്ഞർക്ക് ചന്ദ്രനെക്കുറിച്ചുള്ള അമൂല്യമായ വിവരങ്ങൾ നൽകുമെന്ന് ഐഎസ്ആർഒ അറിയിച്ചു.**



**ചന്ദ്രയാനിലെ വിവിധ ക്യാമറകളിൽ നിന്ന് ചിത്രങ്ങൾ ലഭിച്ചു തുടങ്ങി. ലാൻഡിംഗിന് അനുയോജ്യമായ കാലാവസ്ഥ ആണോ, ഇപ്പോഴത്തെ ലാൻഡിംഗ് സൈറ്റ് അടക്കമുള്ളവയുടെ ചിത്രങ്ങള് എത്തിക്കഴിഞ്ഞു. വിവിധ രാജ്യങ്ങളിലെ ബഹിരാകാശ ഏജൻസികൾ ചന്ദ്രയാൻ ദൗത്യത്തിൽ ഇന്ത്യക്ക് ആശംസകൾ നേർന്നു.**

## ചന്ദ്രയാൻ 3 മിഷനിൽ ജോജോ ജോൺ

**എസ്.ബി.ഐ. പെൻഷനേർസ് അസോസിയേഷന്റെ മുൻ ജനറൽ സെക്രട്ടറി ജോൺ ജോസഫിന്റെ മകൻ**

ജോജോ ജോൺ ചന്ദ്രയാൻ 3 മിഷന്റെ ഭാഗമായി പ്രവർത്തിച്ച് രാജ്യത്തിന്റെ അഭിമാനത്തിൽ പങ്കാളിയായി. അഭിനന്ദനങ്ങൾ !!



ജോജോ ജോൺ ചന്ദ്രയാൻ 3 മിഷന്റെ പ്രവർത്തനത്തിൽ

## അനുമോദനങ്ങൾ!!

# .യാത്രയയപ്പ്

# 2023 ആഗസ്റ്റ് മാസം വിരമിക്കുന്നവർ

6 പേരാണ്. 2022 ആഗസ്റ്റ് അവസാനം സർവീസ് പൂർത്തിയാക്കി വിരമിക്കുന്നത്. ഇത്ര നാളും സജീവ മായി ഔദ്യോഗിക രംഗത്ത് പ്രവർത്തിച്ചിരുന്നവർക്ക് പെട്ടെന്ന് ഒരു ശൂന്യതാ ബോധവും ആലസ്യവും തോന്നാനിടയുണ്ട്. എന്നാൽ ഏറെ ക്രിയാത്മകവും ആത്മസംതൃപ്തിയേകുന്നതുമായ, തങ്ങളുടേത് മാത്രമായ, തിരക്കേറിയ പ്രവർത്തി മണ്ഡലം നമ്മളെ കാത്തിരിക്കുന്നുവെന്നതാണ് വാസ്തവം. ഏറ്റവും പ്രിയപ്പെട്ട മനസ്സിനിണങ്ങിയ വിനോദവൃത്തികളി ലേർപ്പെടുവാനും, വിനോദയാത്രകൾ, ആഘോഷങ്ങ ൾ എന്നിവകൾ നടത്തുവാനും ഒത്തുചേരലിലുമെല്ലാം സജീവമാകുവാനും പോവുക യാണ് ഇനി. അംഗീകൃത സംഘടനയായ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനിൽ ചേർന്ന് നമുക്കൊരുമിച്ച് നില്ക്കാം. സ്വാഗതം! എല്ലാവർക്കും ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.


1. പൗലോസ് എം.ഐ ചീഫ് മാനേജർ ആർ.ബി.ഒ 5 തൊടുപുഴ
2. മധുസൂദനൻ കെ സീനിയർ ഹെഡ് മെസഞ്ചർ തിരുവല്ല
3. പുരുഷോത്തമൻ സൈലീല അസിസ്റ്റന്റ് മാനേജർ എസ്എംഇ കാഞ്ഞിരപ്പള്ളി കോട്ടയം
4. സരോജ് നാരായണൻ ഡെപ്യൂട്ടി മാനേജർ (എസ്എംഇ) RASMECC കണ്ണൂർ
5. ഗിരിജ കെ പി ഡെപ്യൂട്ടി മാനേജർ CPPC തിരുവനന്തപുരം
6. റെമാനി അടഞ്ചേരി മാനേജർ (ഡിബിഎം) ചാലക്കുടി തൃശൂർ

## എസ്.ബി.ഐ. ജനറൽ കൗൺസിൽ ; സംഘാടകസമിതി ഓഫീസ്



സ്റ്റേറ്റ്ബാങ്ക്സ് സ്റ്റാഫ് യൂണിയൻ ജനറൽ കൗൺസിലിന്റെ സംഘാടക സമിതി ഓഫീസ് ഷാഫി പറമ്പിൽ എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ സംസ്ഥാന ഭാരവാഹികളേയും കാണാം




**ബാലി വിനോദ യാത്ര**

**4 രാത്രിയും 5 പകലുകളും നീളുന്ന ഉല്ലാസ യാത്ര!!**

**നവംബർ ആദ്യ വാരം പുറപ്പെടുന്നു.**

**ആകർഷകമായ വ്യവസ്ഥകൾ**

**കൺവീനർ പി.പി.ഫ്രാൻസീസ് അസ്സി. ജനറൽ സെക്രട്ടറി എറണാകുളം**

**ബന്ധപ്പെടുക 9447048602**

# കോട്ടയം ഓണാഘോഷം

പ്രിയ സുഹ്രുത്തുക്കളെ,

ഈ വർഷത്തെ ഓണാഘോഷം ഏറ്റവും ഗംഭീരമായി സെപ്റ്റംബർ 16 നു നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം എല്ലാവരും അറിഞ്ഞിരിക്കുമല്ലോ. ഇതിന്റെ നടത്തിപ്പിന് കോട്ടയം ഏരിയ I കൺവീനർ ശ്രീ. രമേശ് ബാബു ജനറൽ കൺവീനറും, കോട്ടയം ഏരിയ II കൺവീനർ ശ്രീ. V. R. ബാലകൃഷ്ണൻ നായർ, സ്റ്റേറ്റ് കമ്മിറ്റി അംഗം ശ്രീമതി റെയ്സ ബീഗം എന്നിവർ കൺവീനർമാരുമായി 58 പേരടങ്ങുന്ന വിപുലമായ കമ്മിറ്റിയെ ചുമതല ഏല്പിക്കുവാൻ തീരുമാനിച്ചു.വിവിധ കൺവീനർ മാരുടെ നേത്രുത്വത്തിൽ റിസപ്ഷൻ, സ്റ്റേജ് & പ്രോഗ്രാം, ഫുഡ്, ഫിനാൻസ്, എന്റർടൈൻമെന്റ് എന്നീ സബ് കമ്മിറ്റികളും രൂപീകരിച്ചു. ഓണസന്ദേശവും, ഓണസദ്യയും, സ്നേഹവും, സഹകരണവും പങ്കുവച്ചു ഈ ഓണാഘോഷത്തിൽ പങ്കെടുത്തു വിജയിപ്പിക്കുവാൻ എല്ലാവരും സെപ്റ്റംബർ 16 നു ( ശനിയാഴ്ച ) മറ്റെല്ലാ പരിപാടികൾക്കും അവധി നല്കി തയ്യാറായിരിക്കുക. പ്രത്യേകശ്രദ്ധയ്ക് :

സ്ഥലം : BAKER MEMORIAL GIRLS' HSS, KOTTAYAM
സമയം : രാവിലെ 9.30

പി.എം. ജേക്കബ്ബ്,
ജില്ലാ സെക്രട്ടറി,
എസ്.ബി.ഐ. പെൻഷനേർസ് അസോസിയേഷൻ(ഗ),
കോട്ടയം.

# കണ്ണീർ




# യു. കെ. യാശോദ



യു. കെ. യാശോദ

എസ്.ബി.ഐ. ഓഫീസേഴ്സ് അസോസ്സിയേഷൻ റീജിയണൽ സെക്രട്ടറിയായിരുന്ന റിട്ട. ഓഫീസർ എളമക്കര, തണ്ടാശ്ശേരി പരേതനായ ടി, എൻ. മദനന്റെ ഭാര്യ യു. കെ. യാശോദ (78) നിര്യാതയായ വിവരം ഖേദപൂർവം റിപ്പോർട്ട് ചെയ്യുന്നു. .

സംസ്കാരം ആഗസ്റ്റ് 2–ാം തിയതി ബുധനാഴ്ച്ച ഉച്ച കഴിഞ്ഞ് 1.00 മണിക്ക് പച്ചാളം ശാന്തികവാടത്തിൽ നടത്തി.. മക്കൾ ബിന്ദു, ഇന്ദിര, മനോജ്. മരുമക്കൾ വിശ്വനാഥൻ, സുഖലാൽ, കവിത മനോജ് കുമാർ. ചെറായി ഉണ്ണിയച്ഛൻ കുടുംബാംഗമാണ്. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ അനുശോചനം അറിയിക്കുന്നു.

# പി.ആർ.വർഗീസ്



പി.ആർ.വർഗീസ്

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷൻ കോട്ടയം യൂണിറ്റ് അംഗം പി.ആർ. ജോസഫിന്റെ സഹോദരൻ പി.ആർ.വർഗീസ് കൊല്ലം, കൊട്ടിയം കിംസ് ഹോസ്പ്റ്റലിൽ വച്ച്, നിര്യാതനായ വിവരം ഖേദപൂർവം റിപ്പോർട്ട് ചെയ്യുന്നു. 72 വയസ്സായിരുന്നു സംസ്കാരം ആഗസ്റ്റ് 9–ാം തിയതി ബുധനാഴ്ച്ച രാവിലെ 11.30 ന് കൊട്ടിയം നിത്യസഹായ മാത ദേവാലയത്തിൽ നടത്തി.. അദ്ദേഹത്തിന്റെ നിര്യാണത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

# എ.എസ്.സുധാകരൻ



എ എസ്. സുധാകരൻ

എസ്.ബി.ഐ.: റിട്ട ഡപ്യൂട്ടി മാനേജർ എ എസ്. സുധാകരൻ അർക്കിയിൽ (69) മീനടം, നിര്യാതനായ വിവരം വ്യസനത്തോടെ റിപ്പോർട്ട് ചെയ്യുന്നു. 69 വയസ്സായിരുന്നു. ശവസംസ്കാരം ആഗസ്റ്റ് 9–ാം തിയതി ചൊവ്വ 4 മണിക്ക് വീട്ടുവളപ്പിൽ നടത്തി. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ അനുശോചനം അറിയിക്കുന്നു.

# ഗോവിന്ദൻ നമ്പ്യാർ.സി.എച്ച്

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ പാലക്കാട് യൂണിറ്റ് അംഗം ഗോവിന്ദൻ നമ്പ്യാർ.സി.എച്ച്. കണിമംഗലം, നെന്മാറ, പാലക്കാട് നിര്യാതനായി എന്ന ദു:ഖകരമായ വാർത്ത അിറയിക്കുന്നു. 85 വയസ്സായിരുന്നു. ശവസംസ്കാരം ആഗസ്റ്റ് 10ാം തിയതി വ്യാഴാഴ്ച്ച 4 മണിക്ക് കണിമംഗലം, നെന്മാറ വീട്ടുവളപ്പിൽ നടത്തി.



ഗോവിന്ദൻ നമ്പ്യാർ.സി.എച്ച്

എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ ആദരാഞ്ജലികൾ അർപ്പിച്ചു കൊള്ളുന്നു. സന്തപ്ത കുടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്കു ചേരുകയും അനുശോചനം അറിയിക്കുകയും ചെയ്യുന്നു

# അമ്മിണി മാണി



അമ്മിണി മാണി

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം യൂണിറ്റ് അംഗങ്ങളായ ഷെറി. എം. പാറേട്ട് (LM 7098) , റിട്ട. എ ജി എം, സ്റ്റേറ്റ് ബാങ്ക്, മാതാവും ആനി എ ജോസഫ് ന്റെ ( LM 11638 ) അത്തിക്കൽ (റിട്ട. മാനേജർ എസ്. ബി. ഐ ). ഭർത്രുമാതാവും പുതുപ്പള്ളി താഴത്തു കരോട്ട് കൊച്ചു പാറേട്ട് പരേതനായ മാണി. കെ.പാറേട്ടിന്റെ (റിട്ട.


മാനേജർ എസ്. ബി. ടി) ധർമ്മപത്നിയുമായ അമ്മിണി മാണി (97) അന്തരിച്ച വിവരം വ്യസനസമേതം അറിയിക്കുന്നു സംസ്കാരം ബുധനാഴ്ച ഉച്ചക്ക് ശേഷം 3.30 ന് ഭവനത്തിലെ ശുശ്രുഷയെ തുടർന്ന് 4.30 ന് പുതുപ്പള്ളി സെ. ജോർജ് ഓർത്തഡോക്സ് വലിയ പള്ളിയിൽ നടത്തി. . മക്കൾ : മേരി സഖറിയ (സുധ), മസ്കറ്റ്. അശോക്. എം.പാറേട്ട്, മുൻ സി എഫ് ഒ ആൻഡ് ബോർഡ് സെക്രട്ടറി, ഒമാൻ മൈനിങ് കോർപറേഷൻ ഗവണ്മെന്റ് ഓഫ് ഒമാൻ മസ്കറ്റ്. ഷെറി. എം. പാറേട്ട് (LM 7098) , റിട്ട. എ ജി എം, സ്റ്റേറ്റ് ബാങ്ക്, അനു എബ്രഹാം (റിട്ട. പ്രിൻസിപ്പൽ സെന്റ് തോമസ് മെട്രിക്കുലേഷൻ ഹയർ സെക്കന്ററി സ്കൂൾ, ചെന്നൈ). മരുമക്കൾ : കെ. എം. ടി സഖറിയ (സണ്ണി മസ്കറ്റ് ) കളീക്കൽ, ചെങ്കുളം. ഉഷ അശോക് പാറപ്പുറത്തു. ആനി എ ജോസഫ് ( LM 11638 ) അത്തിക്കൽ (റിട്ട. മാനേജർ എസ്. ബി. ഐ ). എബ്രഹാം മാത്യു ( സീനിയർ മാനേജർ ഫൈനാൻസ്,എം. ആർ. എഫ്, ചെന്നൈ) കൂടത്തുമ്മുറിയിൽ പാലക്കുന്നത് മാരാമൺ.



**ഷെറി.എം. പാറേട്ടിന്റെ മാതാവ് അമ്മിണി മാണിയുടെ മൃതദേഹത്തിൽ അന്ത്യാഞ്ജലി അർപ്പിക്കുന്ന എസ്. ബി. ഐ.പെൻഷനേർസ് അസോസിയേഷൻ ഭാരവാഹികൾ**

പരേതയുടെ വിയോഗത്തിൽ എസ്.ബി.ഐ. പെൻഷനേർസ് അസോസിയേഷന്റെ കോട്ടയം സെന്ററിന്റെ അനുശോചനം ദുഃഖാർത്തരായ കുടുംബാംഗങ്ങളെ അറിയിക്കുന്നു. പരേതയുടെ ആത്മാവിന്റെ നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നു.

# കെ.പി. കോശി



കെ.പി. കോശി

എസ്.ബി.ഐ. പെൻഷണേഴ്സ് അസോസിയേഷൻ, എറണാകുളം യൂണിറ്റ് അംഗം വടക്കൻ പറവൂർ: കുറൂർ കുടുംബാംഗ മായ കെ എസ് പൗലോസിന്റെയും മറിയാമ്മ പൗലോസി ന്റെയും മകൻ കെ.പി. കോശി (67) (റിട്ട. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യമാനേജർ), മിസ്റ്റി ഹിൽസ, കാങ്ങരപ്പടി, തൃക്കാക്കര, എറണാകുളം നിര്യാതനായി. സംസ്കാരം 18 ന് വസതി യിലെ ശുശ്രൂഷകൾക്കുശേഷം ഉച്ചയ്ക്ക് ഒരു മണിക്ക് വടക്കൻ പറവൂർ സെന്റ് തോമസ് യാക്കോബാ സുറിയാനി പള്ളി സെമിത്തേരിയിൽ നടത്തി..

ഭാര്യ: ജോളി കോശി (റിട്ട. അധ്യാപിക) മാലിയിൽ കോതമംഗലം, മക്കൾ: ജിഷ കോശി (ബാംഗ്ലൂർ) ആകാശ് കോശി (ബാംഗ്ലൂർ) മരുമകൻ പറവൂർ ഈരാളിൽ കുടുംബാംഗമായ എബ്രഹാം സക്കറിയ ( കാനഡ) സഹോദരങ്ങൾ: എസ് കെ പൗലോസ്, ജയ സണ്ണി അലക്സ്. അദ്ദേഹത്തിന്റെ വിയോഗത്തിൽ ദുഖിതരായ കുടുംബാംഗങ്ങളോടൊപ്പം എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷനും പങ്ക് ചേരുന്നു.

# ജോൺ ജേക്കബ്ബ്



ജോൺ ജേക്കബ്ബ്

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ,പത്തനംതിട്ട യൂണിറ്റ് അംഗം ജോൺ ജേക്കബ്ബ് (റിട്ട. അസി. ജനറൽ മാനേജർ) മുരിങ്ങാശ്ശേരിൽ, ആമല്ലൂർ, പത്തനംതിട്ട നിര്യാതനായി. 87 വയസ്സായിരുന്നു മൃതദേഹം 23–ാം തിയതി ബുധനാഴ്ച്ച വൈകിട്ട് 5 മണിക്ക് സ്വവസതിയിൽ കൊണ്ടു വന്നു. 20–ാം തിയതി രാവിലെ 10 മണിയ്ക്ക് മൃതദേഹശുശ്രൂഷകൾ ആരംഭിച്ചു. തുടർന്ന് 11.30 മണിയ്ക്ക് പാലിയേക്കര സെന്റ് ജോർജ്ജ് ഓർതൊഡോക്സ് പള്ളി സെമിത്തേരിയിൽ അടക്കം ചെയ്തു.. അസോസിയേഷന്റെ ,പത്തനംതിട്ട സെന്ററിന്റെ അനുശോചനം ദുഃഖാർത്തരായ കുടുംബാംഗങ്ങളെ അറിയിക്കുന്നു. അദ്ദേഹത്തിന്റെ ആത്മാവിന്റെ നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നു.

# കെ.ജെ.സാമുവേൽ



കെ.ജെ.സാമുവേൽ

എസ്.ബി.ഐ. റിട്ട മാനേജർ കെ.ജെ.സാമുവേൽ ആലപ്പുഴയിൽ നിര്യാതനായ വിവരം വേദപൂർവം അറിയിക്കുന്നു. സന്തപ്ത കുടുബാംഗങ്ങളെ എസ്.ബി.ഐ. പെൻഷണേഴ്സ് അസോസിയേഷന്റെ അനുശോചനം അറിയിക്കുന്നു.

# പി.ജെ. മാത്യു



പി.ജെ. മാത്യു

മുൻ എസ്.ബി.റ്റി.: റിട്ട. മാനേജർ പി.ജെ. മാത്യു ഏറ്റുമാനൂർക്കാരൻ, മുട്ടുചിറ (82) അന്തരിച്ചു . സംസ്കാരം 25.08.2023 ന 3 മണിയ്ക്ക് ഹോളി ഘോസ്റ്റ് ഫൊറാനെ ദേവാലയത്തിൽ നടത്തി.. അദ്ദേഹത്തിന്റെ വിയോഗത്തിൽ കുടുംബാംഗങ്ങളോടൊപ്പം എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷനും ദു:ഖത്തിൽ പങ്ക് ചേരുന്നു.



സുദീർഘമായ സ്റ്റേറ്റ് ബാങ്ക് സേവനത്തിനു ശേഷം നമ്മെ വിട്ടുപിരിഞ്ഞ **പി.ജെ.**മാത്യു ഏറ്റുമാനൂക്കാരന്റെ മുട്ടുചിറയിലെ വസതിയിൽ എത്തി ആദരാഞ്ജലികൾ അർപ്പിക്കുന്ന അഡ്വ: പിപി ഫിലിപ്പ്, ഡി.കെ. രാജഗോപാൽ, കെ രാജൻ, ജോസ്പോള്, സി.കെ. ജോസഫ്, ഗോവിന്ദൻ, രത്നമ്മ ചെല്ലപ്പൻ തുടങ്ങിയ സ്റ്റേറ്റ് ബാങ്ക് ഫ്രണ്ട്സ്.

# കെ.ഭാസ്കരൻ നായർ



എസ്.ബി.ഐ. പെൻഷണേഴ്സ് അസോസിയേഷൻ, കാസർഗോഡ് യൂണിറ്റ് അംഗം കെ.ഭാസ്കരൻ നായർ (എൽ.എം.നം.1932)രമണിക, അന്നങ്ങൂർ, കാസർഗോഡ് അന്തരിച്ച വിവരം വ്യസനസമേതം അറിയിക്കുന്നു. 91 വയസ്സായിരുന്നു സംസ്കാരം 31.08.2023 ന രാവിലെ വീട്ടുവളപ്പിൽ നടത്തി.. സന്തപ്ത കുടുബാംഗങ്ങളെ എസ്.ബി.ഐ. പെൻഷണേഴ്സ് അസോസിയേഷന്റെ അനുശോചനം അറിയിക്കുന്നു.

# ഏലിയാമ്മ ജോർജ്

പുതുപ്പള്ളി കൈപ്പനാട്ട് പരേതനായ കെ. എം.. ജോർജീ ന്റെ ഭാര്യ ഏലിയാമ്മ ജോർജ് ( 90 ) നിര്യാതയായ വിവരം വ്യസനസമേതം അറിയിക്കുന്നു. സംസ്കാരം 1-9-2023 3 PM ന് നിരണം ഭദ്രസനാധിപൻ അഭിവന്ദ്യ. യുഹാനോൻ മാർ ക്രിസ്സോറ്റമൊസ് തിരുമേനിയുടെ മുഖ്യ കാർമികത്വത്തിൽ പുതുപ്പള്ളി നിലയ്ക്കൽ ഓർത്തഡോക്സ് പള്ളിയിൽ .



പരേത കങ്ങഴ പീടിയേക്കൽ കുടുംബാംഗമാണ് മക്കൾ: ഉഷ ജോർജ് എസ്.ബി.ഐ റിട്ട ( LM 7361) , ഷൈല ജോർജ് , ഷാന്റി ജോർജ് , ഷിബു ജോർജ് , മരുമക്കൾ : ഷാജി ജോർജ് ചക്കുപുരയ്ക്കൽ വാക ത്താനം , ഷെവലിയാർ തോമസ് ദാനിയേൽ കരിമ്പനയ്ക്കൽ ചേപ്പാട് പരേതനായ K C ജോർജ്ജ് കൊണ്ടേകേരിൽ വേളൂർ, റിഷ മാത്യൂസ് ചാത്തുരുത്തി മുളന്തുരുത്തി. പരേതയുടെ നിര്യാണത്തിൽ എസ്.ബി.ഐ. പെൻഷനേർസ് അസോസിയേഷൻ കോട്ടയം സെന്ററിന്റെ അനുശോചനം സന്തപ്ത കുടുംബാഗംങ്ങളെ അറിയിക്കുന്നു.

## ത്രേസ്യാമ്മ ജോസഫ്

എസ്.ബി.ഐ. പെൻഷനേർസ് അസോസിയേഷൻ വൈക്കം മെമ്പർ ജോസ് ജോസഫിന്റെ ( LM 10350 ) മാതാവ് ത്രേസ്യാമ്മ ജോസഫ് (94) അന്തരിച്ച വിവരം വ്യസനസമേതം അറിയിക്കുന്നു. സംസ്കാരം 31. 08. 2023 വ്യാഴാഴ്ച 3 P. M. ന് വൈക്കം ഫൊറോന ദേവാലയത്തിൽ നടത്തി.

വൈക്കത്തെ ഭവനത്തിലെത്തി , ((ജോസ് ജോസെഫിന്റെ അമ്മയുടെ വീട്ടിൽ), വൈക്കം ഏരിയാക്കമ്മറ്റി കൺവീനർ പി.പി.ഫിലിപ്പ്, ജില്ലാ അസി. ട്രഷറാർ ഡി.കെ. രാജഗോപാൽ തുടങ്ങിയ ഭാരവാഹികൾ ആദരാഞ്ജലികളർപ്പിക്കുകയും പുഷ്പചക്രം സമർപ്പിക്കുകയും ചെയ്തു.



ത്രേസ്യാമ്മ ജോസഫ്

കുടുംബത്തിന്റെ ദു:ഖത്തിൽ പങ്കുചേരുകയും എസ്.ബി.ഐ. പെൻഷനേർസ് അസോസിയേഷന്റെ അനുശോചനം കുടുംബാംഗങ്ങളെ അറിയിക്കുകയും ചെയ്യുന്നു.



ജോസ് ജോസെഫിന്റെ അമ്മയുടെ വീട്ടിൽ **അന്ത്യാഞ്ജലി അർപ്പിക്കുന്ന** വൈക്കം ഏരിയാക്കമ്മറ്റി ഭാരവാഹികൾ

**അംഗങ്ങളിൽ നിന്നും പ്രസിദ്ധീകരണ യോഗ്യമായ വാർത്തകൾ ക്ഷണിക്കുന്നു.**

**ഉപദേശക സമിതി**
**കെ.രാജീവൻ,**
**സംസ്ഥാന പ്രസിഡന്റ്**
**എ.ജയകുമാർ, സംസ്ഥാന സെക്രട്ടറി**
**പത്രാധിപ സമിതി**
**രക്ഷാധികാരി**
**ഹെൻറി ജോൺ**

OASIS

Older Adults Sharing In Service


**മാത്യു അടയ്ക്കാമുണ്ടയ്ക്കൽ**

**മാനേജിംഗ് എഡിറ്റർ**

**എം.ജി.രാഘവൻ**

**ചീഫ് എഡിറ്റർ**

**.പി.പി.ഫിലിപ്പ്**

**എഡിറ്റർ**

**പത്രാധിപസമിതി അംഗങ്ങൾ**

**കെ. എൻ.വിശ്വനാഥൻ നായർ**

**പി.എം.ജേക്കബ്**

**സി.പി.മാത്യു**

**എം.പി.പുഷ്കരൻ**

**വി.ആർ.ബി**

**രാജൻ ജോർജ്**

**ജോർജ് ജോസഫ്**

**ത്രേസ്യാമ്മ ആന്റണി**

**സണ്ണി ജോസഫ്**

**കെ. കെ.പാപ്പച്ചൻ**


കുറവുകൾ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയാലും. അഭിപ്രായങ്ങൾ ക്ഷണിക്കുന്നു.

ചീഫ് എഡിറ്റർ

**Disclaimer**


**Although every effort is made to ensure the accuracy, currency and completeness of the information, OASIS does not guarantee, warrant, represent or undertake that the information provided is correct, accurate or current.**

**ഇതിൽ പ്രകടിപ്പിച്ചിരിക്കുന്ന ആശയങ്ങൾ എല്ലാം എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റേത് ആയിക്കൊള്ളണമെന്നില്ല**


**കവർ ചിത്രം**

**പുതുവർഷ പൊൻപുലരിയിൽ വിരിഞ്ഞ ഇരട്ട മഴവില്ല്**

P.**S**: ഒരു സൃഷ്ടിയും ഒരിക്കലും പൂർണ്ണമാകുന്നില്ല.

# ഓണാശംസകൾ



